നം.കെ.എസ്.എ-കെ.ടി.എം.പി.**13/437/2019** തീയതി **: 27.04.2019**

## കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.6.17 മുതൽ 31.3.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,(സാംഖ്യ രസീത് പ്രകാരമുള്ള പണം പിരിവ് 28.3.19 വരെയുള്ളത് പരിശോധിച്ചു) വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എസ്.ഷൈജു, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.03.2019 മുതൽ 30.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി ഡി.സുലത | ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.ഫിലിപ്പോസ് തോമസ് | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | : | ശ്രീ.കെ ബാബുരാജ് | 1.4.17 മുതൽ 31.3.18 |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.ബാബുരാജ് | 1.4.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.നോബി എം ഐസക്ക് | 1.4.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.പ്രമോദ് ഗോപൻ | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.സ്വപ്നമഞ്ജരി | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോപ്പതി) | ഡോ.ലീലാമ്മ പി.പി. | 1.4.17 മുതൽ .31.5.17 വരെ |
| | ഡോ.പി.കെ.ചന്ദ്രശേഖരൻ | 1.6.17 മുതൽ 19.7.17 വരെ |
| | ഡോ.പി.ജ്യോതിസ് കുമാർ | 20.7.17 മുതൽ 24.10.17 വരെ |
| | ഡോ.പി.കെ.ചന്ദ്രശേഖരൻ | 25.10.17 മുതൽ 8.12.17 വരെ |
| | ഡോ.സൗദ ഇ.എ. | 9.12.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.അഞ്ജലി വി. | 1.4.17 മുതൽ 31.3.18 വരെ |

| | | |
|---|---|---|
| സീനിയർ വെറ്ററിനറി സർജൻ | ഡോ.എം.ജി.രാജീവ് | 1.4.17 മുതൽ 31.3.18 വരെ |
| കൃഷിഓഫീസർ | ശ്രീമതി അശ്വിനി എസ്. | 1.4.17 മുതൽ 6.11.17 വരെ |
| | ശ്രീമതി നൂബിയ ബഷീർ | 7.11.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി മേരി വി.ജോസ്, | 1.4.17 മുതൽ 31.3.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി നിശ വൽസലൻ | 1.4.17മുതൽ 31.3.18 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഓമന മാത്യു | 1.4.17 മുതൽ 31.3.18 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശ്രീജേഷ് കെ. വിജയൻ | 1.4.17 മുതൽ 31.3.18 വരെ |
| | ശ്രീ.മനു മോഹൻ | 1.4.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം


| ഖണ്ഡികനം | വിഷയം |
|---|---|
| ഭാഗം **-1** പൊതുഅവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷികധനകാര്യ പത്രിക |
| 1-3 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 1-4 | സാമ്പത്തികവിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | വാർഷിക പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി-- അവലോകനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം **2** വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | പഞ്ചായത്തിൽ ലഭിച്ച ചെക്കുകൾ പണമാക്കിയിട്ടില്ല. |
| 2-2 | ഓഡിറ്റ് ഇംപാക്റ്റ്--കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ചു |
| 2-3 | കെട്ടിടത്തിന്റെ ക്രമവൽക്കരണ ഫീസ് ഈടാക്കി |
| 2-4 | തൊഴിൽനികുതി--ട്രേഡ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല |
| 2-5 | വാടക-അടവാക്കിയിട്ടില്ല |
| 2-6 | ഇ-ടെൻഡർ ഫീസ് തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |

| | |
|---|---|
| 2-7 | ഡി&ഒ ട്രേഡ് ലൈസൻസ് |
| ഭാഗം **3** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | കരാർ വെയ്ക്കാതെ ചെക്ക് ഡാം നിർമ്മാണത്തിനായി 23,90,000 രൂപ നിർവ്വഹണ ഏജൻസിക്ക് കൈമാറി നൽകി |
| 3-2 | ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം തുക നൽകി |
| 3-3 | സേവനികുതിയിനത്തിൽ പിൻവലിച്ച തുക 36,987 രൂപ കേന്ദ്രസർക്കാരിലടവാക്കിയില്ല |
| 3-4 | ഉപേക്ഷിക്കപ്പെട്ട പദ്ധതിക്കായി കൈമാറിയിരുന്ന 41,200 രൂപ നിർവ്വഹണ ഏജൻസിയിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല |
| 3-5 | നടപ്പാക്കാത്ത പ്രവൃത്തിക്കായി നൽകിയ 3,580 രൂപയുടെ ചെലവ് അംഗീകരിയ്ക്കുന്നില്ല |
| 3-6 | ജി.ഐ.ഷീറ്റ് ഉപയോഗിച്ച റൂഫിംഗ് പ്രവൃത്തിക്ക് അലൂമിനിയം ഷീറ്റിന്റെ നിരക്ക് നൽകി |
| 3-7 | കരാർ തീയതിക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ല-ഫൈൻ കണക്കാക്കിയതിൽ അപാകത |
| 3-8 | സാന്ത്വന പരിചരണം-8,610 രൂപയുടെ സാധനങ്ങൾ ലഭിക്കാനവശേഷിക്കുന്നു |
| 3-9 | ഭവനപദ്ധതിയ്ക്ക് സ്ഥലം വാങ്ങൽ-സ്ഥലം പോക്കുവരവ് നടത്തി--ലക്ഷ്യം കൈവരിച്ചില്ല |
| 3-10 | 14-ാം വാർഡിൽ സാംസ്കാരികനിലയത്തിനായി നിർമ്മിച്ച കെട്ടിടം--ഉപയോഗിക്കാത്ത നിലയിൽ |
| 3-11 | തെങ്ങ്കൃഷിക്ക് ജൈവവളം-രേഖകളുടെ അഭാവത്തിൽ 1,48,458 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-12 | റോഡ് ടാറിംഗ് പ്രവൃത്തികൾ--ബാരൽവില നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്കടവാക്കിയിട്ടില്ല |
| 3-13 | കരാർ പ്രവൃത്തികളുടെ പൂർത്തീകരണം--കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമം പാലിയ്ക്കുന്നില്ല |
| 3-14 | ഡെപ്പോസിറ്റ് പ്രവൃത്തികൾ --പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും ചെലവുതുകയുടെ വിനിയോഗരേഖകളും ലഭ്യമായില്ല--52,70,418 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-15 | ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാനവശേഷിക്കുന്നു |
| 3-16 | പി.എം.എ.വൈ. വിഹിതം നൽകൽ(പട്ടികജാതി വിഭാഗം)--വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-17 | കാർഷിക വിപണനകേന്ദ്രം കെട്ടിടം കൈമാറിക്കിട്ടിയെങ്കിലും പ്രവർത്തനക്ഷമമാക്കി പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല--5,37,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-18 | ആശ്രയ പദ്ധതി |
| 3-19 | അങ്കണവാടികളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കൽ--തുടർപ്രവർത്തനങ്ങൾ നടത്തുന്നില്ല |
| 3-20 | കന്നുകുട്ടി പരിപാലനം--വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് |
| ഭാഗം **4** പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2017-18 |
| അനുബന്ധം 3 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017 -18 വർഷത്തെ ബജറ്റ് 23.3.17 ലെ 1-ാം നം. തീരുമാനമായി അംഗീകരിച്ചു. പിന്നീട് 28.02.2018 തിയതിയിലെ അജണ്ട 4 ന്റെ 1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം കൂടുതൽ/കുറവ് | | ശതമാനം (+/_) |
|---|---|---|---|---|---|
| മുന്നിരിപ്പ് | 4,02,24,997 | 3,32,23,537 | | 70,01,460 | (-)17.4 |
| വരവ് | 17,86,61,705 | 10,83,48,249 | | 7,03,13,456 | (-)39.36 |
| ആകെ | 21,88,86,702 | 14,15,71,786 | | 7,73,14,916 | (-)35.32 |
| ചെലവ് | 20,48,33,219 | 12,08,74,474 | | 8,39,58,745 | (-)42 |
| നീക്കിയിരിപ്പ് | 1,40,53,483 | 2,06,97,312 | 66,43,829 | | (+)47.28 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു.

ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല. സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 24.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 11.6.18--12.06.18 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 25.06.2018ലെ കെ.എസ്.എ-കെ.ടി.എം.പി13/1131/2018 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3,32,23,537 |
| വരവ് | 10,83,48,249 |
| ആകെ | 14,15,71,786 |
| ചെലവ് | 12,08,74,474 |
| നീക്കിയിരിപ്പ് | 2,06,97,312 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,68,57,000 | 1,68,57,000 | 1,62,17,132 | 6,39,868 | 96.2 |
| വികസനഫണ്ട്എസ്.സി.പി. | 0 | 41,86,442 | 41,86,442 | 36,25,139 | 5,61,303 | 86.59 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,76,928 | 1,76,928 | 1,76,928 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,58,67,000 | 1,58,67,000 | 1,47,05,357 | 11,61,643 | 92.68 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 40,74,000 | 40,74,000 | 40,50,314 | 23,686 | 99.42 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 79,17,764 | 79,17,764 | 79,17,764 | 0 | 100 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 0 | 15,17,047 | 15,17,047 | 14,92,000 | 25,047 | 98 |
| ഐ സി ഡി എസ് | 4,51,998 | 9,50,584 | 14,02,582 | 7,00,000 | 7,02,582 | 50 |
| സ്വച്ഛഭാരത് | 0 | 37,500 | 37,500 | 0 | 37,500 | 0 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി | 1,89,400 | 0 | 1,89,400 | 1,89,400 | 0 | 100 |
| സാക്ഷരത | 32,000 | 0 | 32,000 | 0 | 32,000 | 0 |
| ചിയാഗ് | 5,260 | 0 | 5,260 | 0 | 5,260 | |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (സ്റ്റേറ്റ്) | 0 | 10,50,697 | 10,50,697 | 9,95,963 | 54,734 | 94.7 |
| കെ.എൽ.എസ്.ജി.ഡി.പി (സെൻട്രൽ) | 0 | 29,46,965 | 29,46,965 | 2946965 | 0 | 100 |
| ട്രഷറി ടി.എസ്.ബി | 0 | 26,79,456 | 26,79,456 | 14,22,556 | 12,56,900 | 53 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 876.5 | 1,47,37,081 | 1,47,37,957.5 | 1,47,36,485 | 1,472.5 | 99 |
| സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് | 0 | 19,00,843 | 19,00,843 | 10,11,656 | 8,89,187 | 87.8 |

## 1-6 വാർഷിക പദ്ധതി അവലോകനം

പദ്ധതി രൂപീകരണം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷികപദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ആസൂത്രണസമിതിയുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും ആദ്യപൊതുയോഗം 15.2.17-ൽ കൂടുകയും 17-18 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ച നടത്തുകയും 23.2.17- ൽ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്ന് കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. 2017-18 വാർഷികപദ്ധതിയുടെ തുടർന്നുള്ള വിവിധ പ്രവർത്തനഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെ സംയുക്തയോഗം | 24.3.17 |
| ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണസമിതി അംഗങ്ങൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ സംയുക്തയോഗം | 3.4.17 |
| അങ്കനവാടി ജീവനക്കാരുടെ യോഗം | 4.4.17 |
| പദ്ധതി രൂപീകരണഗ്രാമസഭ | 6.4.17 മുതൽ 9.4.17 വരെ |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 27.4.17, 19.6.17, 17.7.17 |
| വികലാംഗ ഗ്രാമസഭ | 17.4.17 |
| വികസനസെമിനാർ | 29.4.17 |
| ഊരുകൂട്ടയോഗം | 7.4.17, 28.9.17 |
| വ്യക്തിഗതഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭായോഗങ്ങൾ | 1.8.17 മുതൽ 6.8.17 വരെ |

മേൽപ്പറഞ്ഞ പ്രവർത്തനഘട്ടങ്ങളിലൂടെ 2017-18 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി 10.5.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. (അജണ്ട -1തീരുമാനം നം-1 ).

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

13-ാം പദ്ധതികളുടെ മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപതലത്തിൽ തെരഞ്ഞടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി വിവിധ ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ടവർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും

കരട് നിർദ്ദേശങ്ങൾ, പദ്ധതികളുടെ നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുക, പ്രോജക്റ്റുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ. ഓരോ വിഷയമേഖലയുടെയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ യോഗം ചേരാതിരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതും പദ്ധതിരൂപീകരണ/നിർവ്വഹണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിൽ വാർഷികപദ്ധതിയുടെ ഭാഗമായി വിവിധ വിഷയമേഖലകളിലായി 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു. എന്നാൽ മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ വാർഷികപദ്ധതിയുടെ ഭാഗമായി 2 തവണ മാത്രമേ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം കൂടിയിട്ടുള്ളൂ എന്ന് കാണുന്നു. കൃഷിയും അനുബന്ധമേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് 17-18 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് യോഗം ചേർന്നതായി രേഖകളില്ല. പല വർക്കിംഗ് ഗ്രൂപ്പുകളുടേയും മിനിറ്റ്സ്ബുക്കിൽ യോഗങ്ങളിൽ പങ്കെടുത്തവരുടെ ഹാജർമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഉദാ:-കൃഷിയും അനുബന്ധമേഖലയും, പട്ടികജാതി പട്ടികവർഗ്ഗവികസനം, കണക്കുകൾ, രേഖകൾ തയ്യാറാക്കൽ മുതലായവ

മേൽനിരീക്ഷണച്ചുമതല ഫലപ്രദമായി നിറവേറ്റിയിട്ടില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. ഓരോ വിഷയമേഖലയുടെയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണം, നടപ്പാക്കൽ, പദ്ധതിനിർവ്വഹണ ഘട്ടങ്ങളുടെ മേൽനിരീക്ഷണം, പദ്ധതികളുടെ ഫലപ്രദമായ പൂർത്തീകരണം വിലയിരുത്തൽ എന്നീ ചുമതലകൾ നിറവേറ്റുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല.

പദ്ധതി അംഗീകാരം

ജില്ലാ ആസൂത്രണസമിതിയുടെ 13.5.2017 ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചിരുന്നെങ്കിലും പഞ്ചായത്ത് കമ്മിറ്റിയുടെ 17.3.18-ലെ യോഗ തീരുമാനത്തിലെ 14(1) ഭേദഗതിനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ വാർഷികപദ്ധതിക്ക് 31.3.18-ൽ ഡി.പി.സി-യുടെ അന്തിമാംഗീകാരവും ലഭിച്ചിട്ടുണ്ട്. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 12,08,61,564/--രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്റ്റുകളുൾപ്പെടെ ആകെ 254 പ്രോജക്റ്റുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതി നിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്റ്റുകളിൽ സ്പിൽ ഓവർ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 205 പ്രോജക്റ്റുകൾക്കുവേണ്ടി വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ 8,52,51,684/-രൂപ ചെലവഴിച്ചിട്ടുണ്ട്. 70.53 ശതമാനമാണ് വാർഷികപദ്ധതിച്ചെലവ്.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ തൻവർഷത്തെ ചെലവുശതമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്റ്റ് | നടപ്പാക്കിയ പ്രോജക്റ്റുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവുശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 10,16,869 | 8,34,023 | 82 |
| വെറ്ററിനറി സർജൻ | 7 | 7 | 3,108400 | 2568200 | 82.62 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3 | 3 | 750760 | 750741 | 99.99 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 50000 | 50000 | 100 |

| | | | | | |
|---|---|---|---|---|---|
| ലേഡി വി.ഇ.ഒ. | 4 | 3 | 19715000 | 18654000 | 94.61 |
| വി.ഇ.ഓ | 8 | 8 | 8054000 | 4663349 | 57.9 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 5369656 | 5369656 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 9,88,749 | 9,88,749 | 100 |
| എച്ച്.എം., ഗവ.എൽ.പി.എസ് | 3 | 2 | 5,20750 | 2,95000 | 56.64 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 15,42,270/- | 11,82,770/- | 76.69 |
| സെക്രട്ടറി | 40 | 30 | 3,44,01,984 /- | 2,22,99,669/- | 64.82 |
| അസിസ്റ്റന്റ് എൻജിനീയർ | 162 | 122 | 4,48,43,126/- | 2,70,99,527/- | 60.43 |
| ആകെ | 254 | 205 | 12,08,61,564/- | 8,52,51,684/- | 70.53 |

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

ഓഡിറ്റ് വർഷം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 13 യോഗങ്ങൾ കൂടിയിട്ടുണ്ട്. പൊതുഭരണം, ഓഡിറ്റ്, ബജറ്റ്, എന്നിങ്ങനെ അക്കൗണ്ടിംഗ് ഒഴികെയുള്ള ധനകാര്യവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കമ്മിറ്റി ചുമതലകൾ നിറവേറ്റിയിട്ടുണ്ട്. സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. എന്നാൽ നിലവിലുള്ള നികുതികളുടെ പിരിവ് പുരോഗതി വർദ്ധിപ്പിക്കുന്നതിനും വാടക, ലേലം ഇനങ്ങളിലൂടെ വരുമാനവർദ്ധനവ് സാധ്യമാക്കുന്നതിനും സ്റ്റാന്റിംഗ് കമമിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. കണക്കുസൂക്ഷിപ്പിൽ മുൻവർഷങ്ങളിലുൾപ്പെടെ ഉണ്ടായിട്ടുള്ളതും ഓഡിറ്റിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതുമായ പല അപാകതകളും നിലവിലും പരിപരിക്കപ്പെട്ടിട്ടില്ല (വാർഷിക ധനകാര്യപത്രിക). തനതുവരുമാനവർദ്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് ജനറൽകമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടുള്ളതായും തീരുമാനങ്ങളെടുത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായും മിനിറ്റ്സ് രേഖകൾ വ്യക്തമാക്കുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

9.3.17-ലാണ് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ആദ്യയോഗം ചേരുന്നത്. പദ്ധതിക്കാലയളവിൽ ആകെ 19 യോഗങ്ങൾ കൂടിയിട്ടുണ്ട്. യോഗങ്ങളിൽ വാർഷികപദ്ധതിയുടെ ഭാഗമായി വരുന്ന പ്രോജക്ടുകളെക്കുറിച്ചും പൊതുഭരണവുമായി ബന്ധപ്പെട്ട ഇതരവിഷയങ്ങളും ചർച്ചചെയ്ത് തീരുമാനങ്ങളെടുക്കുകയും യോഗവിവരങ്ങളുടെ മിനിറ്റ്സ് കൃത്യമായി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന മേഖലകളിൽ നടപ്പാക്കിയ വികസനപദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിലും പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും കാര്യക്ഷമമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം 13 യോഗങ്ങൾ കൂടിയിട്ടുണ്ട്. 24.3.17-ലാണ് 17-18 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആദ്യയോഗം കൂടിയത്. 11.5.17-ൽ കൂടിയ യോഗത്തിൽ 17-18 ലേക്ക് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽവരുന്ന പ്രോജക്ടുകളുടെ നിർവ്വഹണപുരോഗതി അവലോകനം നടത്തി തീരുമാനങ്ങളെടുത്തിട്ടുള്ളതായും മിനിറ്റ്സിലെ രേഖപ്പെടുത്തലുകളിൽനിന്നും ബോധ്യമായിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് എഴുതി പൂർത്തീകരിച്ച് ആധികാരികമാക്കിയിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി

17-18 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ആദ്യയോഗം 17.4.17-ലാണ്.

എല്ലാമാസവും ഒന്നിൽ കൂടുതൽ തവണ യോഗം ചേരുന്നുണ്ടെങ്കിലും പെൻഷൻ സംബന്ധിച്ച അപേക്ഷകളുടെ വിവരങ്ങൾ മാത്രമാണ് മിക്ക യോഗങ്ങളിലും അജണ്ടാ വിഷയമായി ഉൾപ്പെടുത്തിയിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയ്ക്ക് നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും സജീവമായി ഇടപെടേണ്ടതും ചുമതല നിറവേറ്റേണ്ടതുമാണ്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലേബർ ബജറ്റ് പ്രകാരം ആകെ 304 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 100 പ്രോജക്ടുകളിൽ 81 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി. 2017-18 വർഷം 20 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 39281 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 423 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പൂഞ് ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 205 അയൽക്കൂട്ടങ്ങളിൽ മുഴുവൻ അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. 41 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. അവർക്ക് പ്രോൽസാഹനമായി 1,000/-രൂപ വീതം നല്കിയിട്ടുണ്ട്. നഴ്സറി നിർമ്മാണം, കിണർ നിർമ്മാണം, മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, ഭവനപദ്ധതി, തരിശുഭൂമി കിളക്കൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രവർത്തികൾ. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പാമ്പാടിശാഖയിലെ അക്കൗണ്ട് നം.67060893449 മുഖേനയാണ് നടത്തുന്നത്. 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 876.5 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 1,37,82,209 | 1,47,37,081 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 9,54,872 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 1,02,01,774 | 1,47,36,485 |
| | ഉപകരണങ്ങളുടെ വില, വാടക | 31,76,035 | |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | 4,04,400 | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 9,54,276 | |
| നീക്കിയിരിപ്പ് | | | 1,472.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 56 | 31,440 |
| കർഷകതൊഴിലാളി പെൻഷൻ | 330 | 38,91,600 |
| വിധവാപെൻഷൻ | 930 | 1,10,65,900 |
| വാർദ്ധക്യകാലപെൻഷൻ | 2284 | 2,98,70,900 |
| വികലാംഗപെൻഷൻ | 302 | 36,88,600 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 45 | 3,82,500 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 10 | 3,00,000 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.03.2019 തീയതിയിൽ 11.30 AM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 22,225 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തുകയും മേൽനോട്ടച്ചുമതല നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. വൗച്ചറുകളും അനുബന്ധരജിസ്റ്ററുകളും രേഖകളും സാമാന്യം നന്നായി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഉപകരണങ്ങൾ, ഓഫീസ് സ്റ്റേഷനറികൾ, രസീത് ബുക്കുകൾ എന്നിവയുടെസ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വിവിധ നികുതി

നികുതിയേതരവരവിനങ്ങളുടെ ഡി.സി.ബി. രജിസ്റ്ററുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിൽ വരവുകളും ചെലവുകളും കൃത്യമായ ശീർഷകത്തിൽ യഥാസമയത്ത് രേഖപ്പെടുത്തുന്നുണ്ട്.

ISO നിലവാരത്തിലെത്തിയ സ്ഥാപനം എന്ന നിലയിലുള്ള ഭൗതികസൗകര്യങ്ങൾ സ്ഥാപനത്തിലുണ്ട്. പഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഭരണസമിതിയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുള്ളതായി കാണാൻ കഴിഞ്ഞു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.5.18 മുതൽ 19.5.18 | 4/2018 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.7.17 മുതൽ 13.7.17 | 2012-13 മുതൽ 2016-17 | LBA(HQ)II/8A-2650/17-18 /151/21.08.2017 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 26.02.2011ലെ ജി.ഒ(എംഎസ്)152/11/തസ്വഭവ പ്രകാരം ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീയാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ വർഗ്ഗീകരണത്തിന്റെയും മൂല്യനിർണ്ണയത്തിന്റെയും കൃത്യത വ്യക്തമല്ല.
2. വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലേതുമായി പൊരുത്തപ്പെടുന്നില്ല.
3. വാർഷിക കണക്കുകളിൽ റേഷ്യോസ് ഉൾപ്പെടുത്തിയിട്ടില്ല.
4. തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. പ്രൊവിഷൻ കണക്കാക്കുന്നതിനുള്ള വർക്ക്ഷീറ്റും തയ്യാറാക്കിയിട്ടില്ല.
5. വിവിധ നിർവ്വഹണോദ്യോഗസ്ഥർ 7A മാതൃകയിൽ കാഷ്ബുക്ക് സൂക്ഷിക്കുന്നില്ല.
6. ബാലൻസ് ഷീറ്റിൽ State Govt.cesses/levies in property tax (library cess) ഇനത്തിലെ ബാലൻസ് കൃത്യമല്ല.
7. ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിൽ 320400199 ശീർഷകത്തിലെ 31.03.18ലെ ബാലൻസ് തുകയായ 5,69,855/- രൂപയിൽ 5,260 കിഴിച്ചുള്ള 5,64,595/- രൂപ തൻവർഷം ലഭിച്ചെങ്കിലും ഏതിനത്തിലെ വരവെന്ന് തിരിച്ചറിയാനാകാതെ അക്കൗണ്ട് ചെയ്ത തുകയാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്തിൽ ലഭിച്ച ചെക്കുകൾ പണമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ലഭിച്ച ചുവടെ ചേർക്കുന്ന ചെക്കുകൾ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്യാതെ അവശേഷിക്കുന്നതായി പ്രസ്തുത അക്കൗണ്ടുകളുടെ 2019 ഫെബ്രുവരി മാസത്തെ റിക്കൺസിലേഷൻ പത്രികയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 2152406 | 6.4.2018 | 6,510 |
| 2 | 167171 | 29.8.2018 | 6,250 |

തുടർനടപടികൾ സ്വീകരിച്ച് തുക അക്കൗണ്ടിൽ വരവാക്കിയതിന്റെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-2 ഓഡിറ്റ് ഇംപാക്ട്-കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ 126.54 ചതുരശ്രമീറ്റർ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 79 എ, ബി, സി, ഡി, ഇ എന്നിങ്ങനെ നമ്പർ നൽകി 55/- രൂപ അടിസ്ഥാനനികുതി നിരക്കിൽ 2017-18 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. ഇപ്രകാരം നികുതി നിർണയിച്ചപ്പോൾ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള

റോഡിനു നൽകേണ്ട 20 ശതമാനം വർദ്ധനവ് കണക്കാക്കിയിട്ടില്ല. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ, കെട്ടിട ഉടമ സമർപ്പിച്ച ഫാറം 2 ലുള്ള വസ്തുനികതിനിർണ്ണയ റിട്ടേൺ എന്നിവ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശത്താണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.16)ക്ക് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടത്തിന്റെ വസ്തുനികതി റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് നൽകി പുനർനിർണ്ണയം നടത്തുകയും ഈടാക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്.

## 2-3 കെട്ടിടത്തിന്റെ ക്രമവൽക്കരണഫീസ് ഈടാക്കി

ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ യോഹന്നാൻ വർഗീസ്, കണ്ടത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (തറവിസ്തീർണം- 600.59 ച.മീ) ക്രമവൽക്കരണഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17) കെട്ടിട ഉടമയിൽ നിന്നും ക്രമവൽക്കരണ ഫീസായി 6,006/- രൂപ 29.3.19-ാം തീയതിയിലെ 118020110051-ാം നം. രസീത് പ്രകാരം ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്.

## 2-4 തൊഴിൽനികുതി -ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല

തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേരുവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. അപ്രകാരം ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.11/26-6-19 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ട്രയ്ഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-5 വാടക - അടവാക്കിയിട്ടില്ല

1. ഗ്രാമപഞ്ചായത്തിന്റെ പുതിയഷോപ്പിംഗ് കോംപ്ലക്സിലെ 26-ാം നമ്പർ മുറി വാടകയ്കെടുത്ത ശ്രീ.എൻ.ജെ.പ്രസാദ്, നടുപ്പറമ്പിൽ എന്ന വ്യക്തി 11/15 മുതൽ 2/18 വരെയുള്ള വാടക നാളിതുവരെ ഒടുക്കിയിട്ടില്ല. ലഭ്യമായ രേഖകൾ പ്രകാരം 29,845/-രൂപ ഒടുക്കാനുണ്ട്

2. ഗ്രാമപഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള മിനി സിവിൽസ്റ്റേഷന്റെ 5-ാം നമ്പർ മുറി വാടകയ്കെടുത്ത ശ്രീ.ബേബി വർഗ്ഗീസ്, തുമ്പോണത്ത് എന്ന വ്യക്തി 8/15 മുതൽ 3/18 വരെയുള്ള വാടക നാളിതുവരെ ഒടുക്കിയിട്ടില്ല. ലഭ്യമായ രേഖകൾ പ്രകാരം 14,916/-രൂപ ഒടുക്കാനുണ്ട്.

മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഇ-ടെൻഡർ ഫീസ് തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

2015-16, 2016-17, 2017-18 വർഷങ്ങളിലായി പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ഇ.എം.ഡി, ടെൻഡർഫീസ് എന്നീ ഇനങ്ങളിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2017-18 വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ആകെ 1,82,152/- രൂപയും 2015-16, 16-17 വർഷങ്ങളിലായി 46,960 രൂപയുമാണ് ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | വേലയുടെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|---|
| 1 | | ഗ്രാമറ്റം അശോകനഗർ റോഡ് പുനരുദ്ധാരണം | 1 | 600+110 | 710 |
| 2 | | അമ്പ്രയിൽ ചെവിക്കുന്ന് റോഡ് | 2 | 700+130 | 1,660 |

| | | | | | |
|---|---|---|---|---|---|
| | | പുനരുദ്ധാരണം | | | |
| 3 | | മിനി എസ്റ്റേറ്റ് പേരമ്പ്രക്കുന്ന് റോഡ് പുനരുദ്ധാരണം | 4 | 700+130 | 3,320 |
| 4 | | ചെറുവള്ളിക്കുന്ന് ഇലക്കൊടിഞ്ഞി റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 5 | | അട്ടിപ്പടി ചെറുകുന്ന് റോഡ് പുനരുദ്ധാരണം | 1 | 600+110 | 710 |
| 6 | 148/18 | ചെലംപടം കുളങ്ങരവയൽ ഫുട്പാത്ത് | 1 | 700+130 | 830 |
| 7 | | ഇലക്കൊടിഞ്ഞി കുളങ്ങരവയൽ റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 8 | | കുമ്പന്താനം പറത്താനം റോഡ് പുനരുദ്ധാരണം | 3 | 500+90 | 1,770 |
| 9 | | കുമ്പന്താനം കലേഷിപ്പടി പയ്യംപള്ളി റോഡ് പുനരുദ്ധാരണം | 3 | 600+110 | 2,130 |
| 10 | | നെന്മല തേക്കിനാൽപ്പടി റോഡ് റോഡ് പുനരുദ്ധാരണം | 3 | 600+110 | 2,130 |
| 11 | | പൂതകുഴി കന്നുവെട്ടി 12-ാം മൈൽ റോഡ് പുനരുദ്ധാരണം | 4 | 900+170 | 4,280 |
| 12 | | മോസ്കോ മൂരിന്നാര റോഡ് പുനരുദ്ധാരണം | 1 | 600+110 | 2,130 |
| 13 | | കാരിക്കാൽപ്പടി മാന്നാർത്തോട്ടം റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 14 | | പേരാളൂർ സർവ്വീസ് സ്റ്റേഷൻ റോഡ് പുനരുദ്ധാരണം | 2 | 700+130 | 1,660 |
| 15 | | വിത്തുപുരപ്പടി വാക്കയിൽ റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 16 | | ഓർവയൽ മൂരിപ്പാറ റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 17 | | ചേന്നം പള്ളി ഇല്ലിക്കൽ റോഡ് പുനരുദ്ധാരണം | 1 | 600+110 | 710 |

| | | | | | |
|---|---|---|---|---|---|
| 18 | | മുളേക്കുന്ന് ഏലിപ്പടി റോഡ് പുനരുദ്ധാരണം | 1 | 700+130 | 830 |
| 19 | | വാഴേൽപ്പടി ചേരുകുന്ന് റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 20 | | കുറ്റിക്കൽ കാഞ്ഞിരക്കാട് റോഡ് പുനരുദ്ധാരണം | 1 | 700+130 | 830 |
| 21 | | ഇല്ലിമറ്റം വത്തിക്കാൻ റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 22 | 61/18 | ഗ്രാമറ്റം അശോക് നഗർ റോഡ് പുനരുദ്ധാരണം | 5 | 600+110 | 3,550 |
| 23 | 63/18 | തലമടക്കാൽപ്പടി കുളത്തുങ്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 1 | 500+90 | 590 |
| 24 | 71/18 | കരിക്കാൽപ്പടി മണ്ണാറത്തോട്ടം റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 25 | 81/18 | സിഹാസനപ്പള്ളി കരിമ്പിൽപ്പടി ഫുട്പാത്ത് | 8 | 500+90 | 4,720 |
| 26 | 78/18 | ഊലക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 4 | 500+90 | 2,360 |
| 27 | 208/18 | വിത്തുപുരപ്പടി വാക്കയിൽ റോഡ് പുനരുദ്ധാരണം | 5 | 500+90 | 1,770 |
| 28 | 199/18 | ഉമ്പയിൽപ്പടി വിലങ്ങുംപാറ റോഡ് പുനരുദ്ധാരണം | 4 | 500+90 | 2,360 |
| 29 | 166/18 | ചേന്നംപള്ളി ഇല്ലിക്കൽ റോഡ് പുനരുദ്ധാരണം | 5 | 660+110 | 3,550 |
| 30 | 200/18 | ചേന്നംപള്ളി പുഞ്ചേരിൽ റോഡ് പുനരുദ്ധാരണം | 5 | 500+90 | 2,950 |
| 31 | 167/18 | മുളേക്കുന്ന് ഏലിപ്പടി റോഡ് പുനരുദ്ധാരണം | 6 | 700+130 | 4,980 |
| 32 | 86/18 | ചെറുവള്ളിക്കാവ് ഇലക്കൊടിഞ്ഞി റോഡ്പുനരുദ്ധാരണം | 5 | 500+90 | 2,950 |
| 33 | 165/18 | ഓർവയൽ മൂരിപ്പാറ റോഡ് പുനരുദ്ധാരണം | 4 | 500+90 | 2,360 |

| | | | | | |
|---|---|---|---|---|---|
| 34 | 171/18 | ഇല്ലംപുരയിടം പുത്തൻപുരപ്പടി ഫുഡ്പാത്ത് | 5 | 500+90 | 2,950 |
| 35 | 147/18 | വാഴേൽപ്പടി ചേരുകുന്ന് മക്കന്നാടി റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 36 | 87/18 | അട്ടിപ്പാടി ചേരുകുന്ന് റോഡ് പുനരുദ്ധാരണം | 4 | 600+110 | 2,840 |
| 37 | 146/18 | ചെറുവളഅളിക്കാവ് ആലുങ്കൽപ്പറമ്പ് റോഡ് ഐറിഷ് ഡ്രെയിൻ | 3 | 500+90 | 1,771 |
| 38 | 179/18 | ഇല്ലിമറ്റം വത്തിക്കാൻ റോഡ് പുനരുദ്ധാരണം | 3 | 500+90 | 1,771 |
| 39 | 181/18 | മോസ്കോ മൂരിപ്പാറ റോഡ് പുനരുദ്ധാരണം | 3 | 600+110 | 2,130 |
| 40 | 148/17 | ചേലംപടം കുളങ്ങരവയൽ ഫുട്പാത്ത് | 5 | 700+130 | 4,150 |
| 41 | 149/18 | കാഞ്ഞിരക്കാട് കുറ്റിക്കൽ റോഡ് പുനരുദ്ധാരണം | 5 | 700+130 | 4,150 |
| 42 | 162/18 | കുറിയന്നൂർക്കുന്ന് പേഴമറ്റം റോഡ് റീ കോൺക്രീറ്റിംഗ് | 4 | 500+90 | 2,360 |
| 43 | 150/18 | ഇലക്കൊടിഞ്ഞി കുളങ്ങരവയൽ റോഡ് പുനരുദ്ധാരണം | 6 | 500+90 | 3,540 |
| 44 | 178/18 | പൂവത്തുപടി ചൂണ്ടമണ്ണിൽപ്പടി റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 45 | | പത്താഴക്കുഴി മലന്തട്ട് റോഡ് പുനരുദ്ധാരണം | 3 | 500+90 | 1,770 |
| 46 | | എൻ.എച്ച്.220 വെള്ളക്കോട്ടുപടി റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 47 | 64/18 | അങ്കണവാടി വാഴേപ്പടി റോഡ് റീ ടാറിംഗ് | 2 | 500+90 | 1,180 |
| 48 | 198/18 | പുത്തൻപുരപ്പടി റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 49 | 72/18 | താഴത്തേടത്തുപടി പുത്തൻപുരപ്പടി റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |

| | | | | | |
|---|---|---|---|---|---|
| 50 | 190/18 | കൊടിഞ്ഞിവേലിൽ ഇട്ടിയാടത്ത് ഫുഡ്പാത്ത് | 2 | 500+90 | 1,180 |
| 51 | 180/18 | മോസ്കോ നെല്ലിയാനി വടക്കേൽപ്പടി റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 52 | 186/18 | കുമ്പമ്പടം 9-ാം മൈൽ റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 53 | 69/18 | പേരത്തോട്ടി സ്രാക്കത്തുപടി റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 54 | 207/18 | കരിമ്പിത്തോട്ട സംരക്ഷണഭിത്തി | 2 | 500+90 | 1,180 |
| 55 | 161/18 | കുറിയന്നൂർക്കുന്ന് ചെത്തിമറ്റം റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 56 | 189/18 | വരിക്കമാക്കൽ റോഡ് പുനരുദ്ധാരണം | 2 | 600+110 | 1,420 |
| 57 | 160/18 | വരിക്കാനി തണത്തുകര റോഡ് പുനരുദ്ധാരണം | 5 | 1300+240 | 7,700 |
| 58 | 68/18 | പൊന്നാരിക്കുളം ടെമ്പിൾറോഡ് പുനരുദ്ധാരണം | 3 | 1200+220 | 4,260 |
| 59 | 67/18 | എൻ എച്ച് 220 കുളത്തുംകുഴി റോഡ് പുനരുദ്ധാരണം | 2 | 1700+310 | 4,020 |
| 60 | 174/18 | കല്ലീപ്പുറം ഇലഞ്ഞിക്കൽറോഡ് പുനരുദ്ധാരണം | 5 | 1000+180 | 5,900 |
| 61 | 184/18 | വട്ടമല സി.എസ്.ഐ. ചർച്ച്റോഡ് പുനരുദ്ധാരണം | 4 | 1600+290 | 7,560 |
| 62 | *** | പറുതലമറ്റം പുത്തരിപ്രറോഡ് പുനരുദ്ധാരണം | 1 | 600+110 | 7,20 |
| 63 | 62/18 | തേരകത്തുപടി വാണിയപ്പുരയ്ക്കൽ റോഡ് റീ ടാറിംഗ് | 1 | 1000+180 | 1,180 |
| 64 | 192/18 | മൂലേപ്പടി റീത്തുപള്ളിറോഡ് പുനരുദ്ധാരണം | 1 | 800+150 | 950 |
| 65 | 76/18 | താന്നിമറ്റം പാറമറ്റംറോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |

| | | | | | |
|---|---|---|---|---|---|
| 66 | 74/18** | കാരിമാലം കാട്ടാംകുന്ന്റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 67 | 185/18 | ശ്മശാനം പറയതോട്ടം റോഡ് റീ ടാറിംഗ് | 1 | 500+90 | 590 |
| 68 | 201/18** | ചൂരക്കുറ്റി മലന്തട്ട്റോഡ് പുനരുദ്ധാരണം | 1 | 800+150 | 950 |
| 69 | 70/18 | മൂലക്കാട്ടുപടി മാങ്കുഴിപ്പടിറോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 70 | 233/18 | ആയുർവേദാശുപത്രി പുനരുദ്ധാരണം | 1 | 500+90 | 590 |
| 71 | 201/18* | ചൂരക്കുറ്റി മലന്തട്ട്റോഡ് പുനരുദ്ധാരണം | 1 | 800+150 | 950 |
| 72 | 203/18 | കരിങ്ങണാംപൊയ്ക കുടിവെള്ള പദ്ധതി | 1 | 1400+250 | 1,650 |
| 73 | 175/18 | അട്ടിപ്പടി നെട്ടങ്ങോട്ടുമലറോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 74 | 76/18 | താന്നിമറ്റം പാറമറ്റം റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 75 | 74/18* | കാരിമാലം കാട്ടാംകുന്ന് റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 76 | 75/18 | ലങ്കപ്പതി മലമ്പതി റോഡ് കോൺക്രീറ്റിംഗ് | 2 | 500+90 | 1,180 |
| 77 | 70/18 | മൂലക്കാട്ടുപടി മാങ്കുഴിപ്പടി റോഡ് പുനരുദ്ധാരണം | 4 | 500+90 | 2,360 |
| 78 | *** | പുറുതലമറ്റം പുത്തരിപ്ര റോഡ് പുനരുദ്ധാരണം | 2 | 600+110 | 1,420 |
| 79 | 192/18 | മൂലേപ്പടി റീത്തുപള്ളി റോഡ് പുനരുദ്ധാരണം | 2 | 800+150 | 1,900 |
| 80 | 176/18 | കിഴക്കേൽപ്പടി ചാത്തൻപുരയിടം റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 81 | 167/18 | സാംസ്കാരിക നിലയം വാർഡ് 7 | 1 | 2000+360 | 2,360 |
| 82 | 76/18 | ഇലക്കൊടിഞ്ഞി കുളങ്ങര വയൽ റോഡ് കോൺക്രീറ്റിംഗ് | 2 | 500+90 | 1,180 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 83 | 241/18 | പേരാളൂർ സർവ്വീസ് സ്റ്റേഷൻ റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 84 | 209/18 | കട്ടിക്കൽത്തോട് സംരക്ഷണ ഭിത്തി | 2 | 2000+360 | 4,720 |
| 85 | 254/18 | കന്നേൽപ്പടി കിഴക്കേൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 2 | 500+90 | 1,180 |
| 86 | 167/18 | സാംസ്കാരിക നിലയം വാർഡ് 7 | 1 | 2000+360 | 2,360 |
| 87 | 168/18 | വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം | 1 | 800+150 | 950 |
| 88 | 69/18 | സാസ്കാരിക നിലയം വാർഡ് 15 | 2 | 2000+360 | 4,720 |
| 89 | 173/18 | പയ്യംപള്ളിപ്പടി പള്ളി റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 90 | 253/18 | പൂതകുഴി കന്നുവെട്ടിറോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 91 | 177/18 | പേക്കാവിൽപ്പടി പ്രശാന്തി നഗർ റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 92 | 253/18 | പൂതകുഴി കന്നുവെട്ടി റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 93 | 242/18 | പൂവത്തുപടി ചുണ്ടമണിപ്പടി റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |
| 94 | 215/18 | പേഴമറ്റം കന്നേൽപ്പറമ്പ് കുടിവെള്ളപദ്ധതി | 1 | 600+110 | 710 |
| 95 | 216/18ം | കന്നേൽപ്പീടിക കുടിവെള്ളപദ്ധതി | 1 | 1000+80 | 1,180 |
| 96 | 265/18 | കുളത്തുംകുഴി റോഡ് രണ്ടാം ഘട്ടം | 2 | 500+90 | 1,180 |
| 97 | 267/18 | കടവുംഭാഗം കിളിമല റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 98 | 268/18 | നീണ്ടൂർക്കാലാ റോഡ് പുനരുദ്ധാരണം | 3 | 500+90 | 1,770 |
| 99 | 4/18 | ശാന്തിനഗർ അഞ്ചേരിപ്പടി റോഡ് പുനരുദ്ധാരണം | 2 | 500+90 | 1,180 |
| 100 | 266/18 | 7ാംമൈൽ വരിക്കാമാക്കൽ റോഡ് പുനരുദ്ധാരണം | 1 | 500+90 | 590 |

| | | | | | |
|---|---|---|---|---|---|
| | | ആകെ | | | 1,82,152 |
| | | 2015-16, 16-17 | | | |
| 101 | | തെള്ളിച്ചവട് വെയിറ്റിംഗ് ഷെഡ് | 1 | 1000+50 | 1,050 |
| 102 | | മിനിസ്റ്റേഡിയം | 2 | 1800+90 | 3,780 |
| 103 | | പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം | 1 | 3000+150 | 3,150 |
| 104 | | 10, 12 വാർഡുകളിൽ അങ്കണവാടി മെയിന്റനൻസ് | 1 | 1000+50 | 1,050 |
| 105 | | പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് | 2 | 1600+80 | 1,680 |
| 106 | | കാട്ടാംകുന്ന് അങ്കണവാടി നിർമ്മാണം | 4 | 1600+80 | 6,720 |
| 107 | | വത്തിക്കാൻ അങ്കണവാടി നിർമ്മാണം | 2 | 1600+80 | 3,360 |
| 108 | | പുല്ലാഴം അങ്കണവാടി നിർമ്മാണം | 4 | 1600+80 | 6,720 |
| 109 | | കുമ്പന്താനം സാംസ്കാരിക നിലയം | 3 | 2500+130 | 7,890 |
| 110 | | വരിക്കാനി അങ്കണവാടി നിർമ്മാണം | 3 | 1600+80 | 5,040 |
| 111 | | ആശ്വാസഭവൻപടി കുറിയന്നൂർക്കുന്ന് റോഡ് പുനരുദ്ധാരണം | 2 | 1500+80 | 3,160 |
| 112 | | മൂലക്കര അങ്കണവാടി നിർമ്മാണം | 2 | 1600+80 | 3,360 |
| | | ആകെ | | | 46,960 |

നാളിതുവരെയുള്ള തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽനിന്നും തിരികെ ലഭിച്ചിട്ടില്ല. ആയതിനാൽ ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തിരികെ ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ ഫീസ് പഞ്ചായത്ത്ഫണ്ടിലേക്കും ജി.എസ്.റ്റി ഇനത്തിലുള്ള തുക ബന്ധപ്പെട്ട വകുപ്പിനും അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 ഡി&ഒ ട്രേഡ് ലൈസൻസ്

ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ വ്യാപാര/വ്യവസായങ്ങളുടെ വിവരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1 ൽ പ്രതിപാദിക്കുന്നുണ്ട്. പട്ടിക1 പ്രകാരം മാവേലി സ്റ്റോറുകളും, റേഷൻകടകളും (പട്ടിക1-149) അബ്കാരി/കള്ള് ഷാപ്പുകളും(പട്ടിക1-139) ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. ലൈസൻസുമായി ബന്ധപ്പെട്ട അപേക്ഷകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽ മേൽപറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷിച്ചതായി കാണുന്നില്ല. 11.4.18 ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിമിനിറ്റ്സിൽ ഡി&ഒ ട്രേഡ് ലൈസൻസ് ഇല്ലാതെ നിരവധി സ്ഥാപനങ്ങൾപ്രവർത്തിക്കുന്നതായി പരാമർശിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തിരിച്ചറിയാനാകുന്നില്ല. 13-ാം വാർഡിൽ അനധികൃതമായി കള്ള് ഷാപ്പ്ആരംഭിച്ച് പ്രവർത്തിക്കുന്നു എന്ന് 10.2.17 ജനറൽ കമ്മറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.15/27.3.19 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന എല്ലാ

സ്ഥാപനങ്ങളും ലൈസൻസ് നേടിയാണോ പ്രവർത്തിക്കുന്നത് എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കരാർ വെയ്ക്കാതെ ചെക്ക്ഡാം നിർമ്മാണത്തിനായി 23,90,000/- രൂപ നിർവ്വഹണ ഏജൻസിക്ക് കൈമാറി നൽകി

ഗ്രാമപഞ്ചായത്തിലെ വിവിധ ചെക്ക്ഡാമുകളുടെ പുനരുദ്ധാരണത്തിനും പുതിയവയുടെ നിർമ്മാണത്തിനുമായി വാർഷികപദ്ധതിയിൽപ്പെടുത്തി എസ്റ്റിമേറ്റ്പ്രകാരമുള്ള 23,90,000/-രൂപ നിർവ്വഹണ ഏജൻസിയായ മൈനർ ഇറിഗേഷൻ വകുപ്പിന്റെ കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്ത് നൽകിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കൈമാറിയ തുക | ബിൽ നമ്പർ |
|---|---|---|
| 260/18<br>കളപ്പുരയ്ക്കൽ - മൈലാടി ചെക്ക്ഡാം നിർമ്മാണം | 13,97,400/-(വികസനഫണ്ട്)<br>92,600 /-(ധനകാര്യക്കമ്മീഷൻ അവാർഡ്)<br>14,90,000/- | 28/9.2.18<br>37/12.3.18 |
| 259/18<br>വിവിധ വാർഡുകളിൽ ചെക്ക്ഡാം മെയിന്റനൻസ് | 5,13,850/-(വികസനഫണ്ട്)<br>3,86,150/-(ധനകാര്യക്കമ്മീഷൻ അവാർഡ്)<br>9,00,000 | 32/9.3.18<br>27/8.2.18 |
| ആകെ | 23,90,000/- | |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |

തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17-ലെ ജി.ഒ (എം.എസ്) 72/19 എന്ന നമ്പറിലുള്ള 13-ാം പദ്ധതി മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 9 (6)ൽ നിർവ്വഹണോദ്യോഗസ്ഥർ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന എല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസി/സ്ഥാപനവുമായി തദ്ദേസസ്വയംഭരണസ്ഥാപനം കരാറിലേർപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം കരാർ വയ്ക്കാതെയാണ് മേൽ പ്രോജക്ടുകൾക്ക് തുക കൈമാറിയിട്ടുള്ളത്. കരാർവയ്ക്കാതെ തുക കൈമാറിയത് മാർഗ്ഗരേഖാ ഉത്തരവിന്റെ ലംഘനമാണ്. മാത്രമല്ല പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങളും പ്രസ്തുത പ്രോജക്ടുകളുടെ പൂർത്തീകരണവിവരങ്ങളും ലഭ്യമായിട്ടുമില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 23,90,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 3-2 ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം തുക നല്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | മാലത്തേട്ട് ഇട്യാടത്ത് റോഡ് പുനരുദ്ധാരണം -146/18 |
| അടങ്കൽ | (മെയിന്റനൻസ് ഫണ്ട്- റോഡ്) |
| ചെലവ് | 97,789 |
| ബിൽ നം | 73/13.3.18 |
| കൺവീനർ | ബിനോ എബ്രഹാം |
| എഗ്രിമെന്റ് നം. | 103/AE/LSGD/ PDY/16-17/31.3.17 |
| എം ബുക്ക് നം. | 103/16-17 |

| | |
|---|---|
| കൺവീനർക്ക് തുക കൊടുത്തതിന്റെ വിവരം | അക്കൗണ്ട് നമ്പർ CORP 302200101001462 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗുണഭോക്തൃസമിതി ചെയ്യുന്ന പ്രവൃത്തികളിൽ 10% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 1.7.17 മുതൽ ജി.എസ്.ടി നിലവിൽ വരുകയും സ.ഉ.(അച്ചടി) 87/17 ത.സ്വ.ഭ.വ 1.11.17 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി കിഴിവ് ചെയ്യുന്നത് ജി.എസ്.ടി കൗൺസിൽ താല്കാലികമായി ഒഴിവാക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ നികുതി ഇനത്തിൽ 3% തുക കൺവീനറിൽ നിന്നും ഈടാക്കുകയും 7% കുറച്ചുള്ള തുക പിൻവലിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. കൺവീനർക്ക് യഥാർത്ഥ ചെലവിന് മാത്രമേ അർഹതയുള്ളൂ. അനർഹമായി കൺവീനർക്ക് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | നല്കിയത് | നൽകേണ്ടത് |
|---|---|---|
| ആകെ വേലമൂല്യം | 97,789 | 97,789 |
| എസ്റ്റിമേറ്റിൽ അധികം വകയിരുത്തിയ 7% കുറയ്ക്കുക | - | 6,845 |
| പിൻവലിക്കേണ്ട തുക | | 90,943 |
| കുറയ്ക്കുക-ഐ.ടി (2%) | 1,956 | 1,956 |
| KBOCWWF (1%) | 978 | 978 |
| WWF കളക്ഷൻ ചാർജ്ജ് | 10 | 10 |
| കൺവീനർക്കുള്ള തുക | 94,845 | 87,999 |

ഇപ്രകാരം 6,846/-രൂപ (94845-87999) കൺവീനർക്ക് അനർഹമായി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20)മറുപടി ലഭിച്ചില്ല. ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം നൽകിയ 6,846/-രൂപ ബന്ധപ്പെട്ട കൺവീനറിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 സേവനനികുതിയിനത്തിൽ പിൻവലിച്ച തുക 36,987/- രൂപ കേന്ദ്രസർക്കാരിലടവാക്കിയില്ല

1994-ലെ ഫിനാൻസ് ആക്ട് സെക്ഷൻ 66(ഡി) പ്രകാരം സർക്കാരോ പ്രാദേശികസർക്കാരോ നൽകുന്ന സേവനങ്ങളേയും സെക്ഷൻ(ബി) പ്രകാരം പൊതുജനങ്ങളുടെ ഉപയോഗത്തിനായി സർക്കാർ/ പ്രാദേശികസർക്കാരുകൾക്ക് നൽകപ്പെടുന്ന സേവനങ്ങളേയും സേവനനികുതിയിൽനിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ 1.4.15 മുതൽ മേൽവിഷയം വീണ്ടും സേവനനികുതിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ഇത്തരത്തിലുള്ള സേവനപ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ വകയിരുത്തുന്ന സേവനനികുതി കണക്കാക്കി ട്രഷറിയിൽനിന്നും പിൻവലിച്ചെങ്കിലും സർക്കാരിലേക്കടവാക്കാതെ കരാറുകാരന് അനുവദിച്ചുനൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കരാറുകാരൻ | ചെലവ് | ബിൽ നമ്പർ | സേവനനികുതിയിനത്തിൽ കരാറുകാരന് അനുവദിച്ച തുക |
|---|---|---|---|---|
| 116/18 സെന്റ്തോമസ് എൽ.പി.സ്കൂൾ പുനരുദ്ധാരണം | കെ.എൻ.സജികുമാർ | 2,22,100<br>27,900<br>50,000<br>3,00,000/- | 105/28.3.18 | 19,952/- |
| 136/18 വത്തിക്കാൻ അങ്കനവാടി നിർമ്മാണം | കെ.എൻ.സജികുമാർ | 3,40,645<br>1,59,355<br>2,19,558<br>7,19,558 | 14/14.8.17<br>26/31.10.17 | 17,035/- |
| ആകെ | | | | 36,987/- |

സേവനനികുതി കരാറുകാരന് നൽകിയത് സേവനദാതാവ്തന്നെ നികുതി ഒടുക്കുക എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെങ്കിൽ കരാറുകാരൻ പ്രസ്തുത തുക സർക്കാരിലടവാക്കി രസീത് ഹാജരാക്കേണ്ടതാണ്. എന്നാൽ മേൽപറഞ്ഞ മരാമത്ത് വേലകളുടെ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നതും കരാറുകാരന് അനുവദിച്ചുനൽകിയതുമായ

സേവനനികുതിതുക സർക്കാരിലേയ്ക്ക് അടവാക്കിയതായി കാണുന്നില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ 36,987/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക അടവാക്കി രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-4 ഉപേക്ഷിക്കപ്പെട്ട പദ്ധതിക്കായി കൈമാറിയിരുന്ന 41,200/-രൂപ നിർവ്വഹണ ഏജൻസിയിൽനിന്നും തിരികെ ലഭ്യമായിട്ടില്ല

അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന വെള്ളൂർ ഗവ എൽ.പി.എസ്.ൽ കുഴൽക്കിണർ നിർമ്മാണത്തിനായി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം ലഭിക്കുകയും എസ്റ്റിമേറ്റ് തുകയായ 41,200 രൂപ നിർവ്വഹണസ്ഥാപനമായ ഭൂജലവകുപ്പിന് കൈമാറുകയും ചെയ്തിരുന്നു(ബിൽ നം.251/6.3.18). എന്നാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് സർവ്വേ നടത്തി കണ്ടെത്തിയ സ്ഥലത്ത് (വെള്ളൂർ കല്ലുപാലത്തിനു സമീപം) പ്രവൃത്തി ആരംഭിക്കുന്നതിന് എത്തിയപ്പോൾ പരിസരവാസികൾ എതിർക്കുകയും പ്രവൃത്തിനിർവ്വഹണം തടസ്സപ്പെടുകയും ചെയ്തതായി ഫയലിൽനിന്നും വ്യക്തമാകുന്നു. തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പല തവണ നടത്തിയ ഒത്തുതീർപ്പുചർച്ചകളും പരാജയപ്പെട്ടതിനെ തുടർന്ന് ടി പ്രദേശത്ത് കുഴൽക്കിണർ നിർമ്മിക്കുന്നതിനുപകരം തുറന്ന കിണറും തടയണയും നിർമ്മിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും ആയതിനുള്ള പ്രാഥമിക നടപടികളുടെ ഭാഗമായി പ്രോജക്ടിനായി നിശ്ചയിക്കപ്പെട്ട ദേശീയപാത പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി ലഭിക്കുന്നതിന് താലൂക്ക് സർവെയർക്ക് അപേക്ഷ നൽകുന്നതിന് ധാരണയാവുകയും ചെയ്തതായി ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനായി എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഫയലിൽ രേഖകളില്ല. മാത്രമല്ല കിണറും തടയണയും നിർമ്മിക്കുന്നതിന് 2018-19 വാർഷികപദ്ധതിയിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളതായും കാണുന്നില്ല.

വെള്ളൂർ ഗവ എൽ.പി.എസ്.ൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ പഞ്ചായത്ത്തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ, കിണറും തടയണയും നിർമ്മിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിന്റേയും പ്രവൃത്തി ആരംഭിച്ചിട്ടുള്ളപക്ഷം ആയതിന്റെ പുരോഗതി, കുഴൽക്കിണർ നിർമ്മാണപദ്ധതി ഉപേക്ഷിക്കപ്പെട്ട സാഹചര്യത്തിൽ ഡെപ്പോസിറ്റ് തുക ഭൂജലവകുപ്പിൽനിന്നും തിരികെ ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ, തുക ലഭ്യമായിട്ടുള്ള പക്ഷം ആയതിന്റെ വിശദാംശങ്ങൾ എന്നിവ രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 8/26.3.19) ഡെപ്പോസിറ്റ് ചെയ്ത തുക നഷ്ടപ്പെടുത്താതെ ടി വാർഡിൽത്തന്നെ അനുയോജ്യമായ സ്ഥലത്ത് കുഴൽക്കിണർ നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ച് ചെലവുതുകയുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 41,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 നടപ്പാക്കാത്ത പ്രവൃത്തിക്കായി നൽകിയ 3,580 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര്/ പ്രോജക്ട് നം. | കരിയിലക്കുളം പടി റോഡ് പുനരുദ്ധാരണം 97/18 | ആശ്വാസഭവൻ കുറിയന്നൂർക്കുന്ന് റോഡ് പുനരുദ്ധാരണം 138/18 |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡ്-2,00,000 | തനത് ഫണ്ട് -7,50,000 |
| ചെലവ് | മെയിന്റനൻസ് ഫണ്ട് റോഡ്-1,95,144 | തനത് ഫണ്ട് – 5,97,521 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ |
| കൺവീനർ/കോൺട്രാക്ടർ | ജിജോ എബ്രഹാം-1,79,513 | ഷാജി ജോസഫ് -5,61,670 |
| തുക നല്കിയതിന്റെ വിവരം | SBT 67387353902 | SIB135081000000317 |
| എം ബുക്ക് നം. | 29/16-17 | 106/16-17 |
| ബിൽ നം. | 15/24.8.17 | 21700314 |

ചേന്നംപള്ളി കരിയിലക്കുളംപടി റോഡ്, ആശ്വാസഭവൻ കുറിയന്നൂർക്കുന്ന് എന്നീ റോഡുകളുടെ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ പ്രോജക്ടുകളുടെ എസ്റ്റിമേറ്റിലെ അവസാന ഇനമായി ഉൾപ്പെടുത്തിയിരുന്നത് റോഡുകളിൽ നെയിംബോർഡ് സ്ഥാപിക്കുന്ന പ്രവൃത്തിയായിരുന്നു. ആയതിന് 2,000 രൂപ വീതം വകയിരുത്തിയിരുന്നു. ഫയലുകൾ പരിശോധിച്ചതിൽ ബന്ധപ്പെട്ട പ്രവൃത്തികളുടെ അളവുപുസ്തകത്തിൽ പ്രസ്തുത പ്രവൃത്തിയിനം നടപ്പാക്കിയതായി രേഖപ്പെടുത്തി. കരിയിലക്കുളം പടി റോഡ് പുനരുദ്ധാരണത്തിന് 2,000 രൂപയും ആശ്വാസഭവൻ കുറിയന്നൂർക്കുന്ന് റോഡ് പുനരുദ്ധാരണത്തിന് 1,580 രൂപയും നല്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടി നെയിംബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25) മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹിക്കാത്ത പ്രവൃത്തിയ്ക്ക് ചെലവഴിച്ച 3,580 രൂപ(2000+1580) യുടെ

ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-6 ജി.ഐ.ഷീറ്റ് ഉപയോഗിച്ച റൂഫിംഗ് പ്രവൃത്തിക്ക് അലൂമിനിയം ഷീറ്റിന്റെ നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് | 109/18, നവോദയ അങ്കണവാടി പുനരുദ്ധാരണം |
| അടങ്കൽ | 85,192/-(റോഡിതര സംരക്ഷണഗ്രാന്റ്) |
| ചെലവ് | 59,494 |
| ബിൽനമ്പർ | 244/5.3.18 |
| കരാറുകാരൻ | പി.എ.ചെറിയാൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അളവുപുസ്തകം | 15/16-17, 15(എ)/16-17, 15(ബി)/16-17 |

നവോദയ അങ്കണവാടിയുടെ പുനരുദ്ധാരണത്തിനുവേണ്ടി 2016-17 വർഷം റോഡിതരസംരക്ഷണഗ്രാന്റ് 2,50,000/-രൂപ വകയിരുത്തി അംഗീകാരം ലഭിച്ച മേൽ പ്രോജക്ടിന്റെ ഒന്നാം പാർട്ട്ബിൽ പ്രകാരം 16-17-ൽ 1,64,808/-രൂപ ചെലവഴിച്ചിരുന്നു. 17-18 പൂർത്തീകരണത്തിനായി ബാക്കി തുക 85,192 രൂപ വകയിരുത്തി സ്പിൽഓവർ പ്രോജക്ടിന് അംഗീകാരം ലഭിക്കുകയും 59,494 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിലെ 20-ാം ഇനമായി ഉൾപ്പെടുത്തിയിരുന്ന 0.45mm കനമുള്ള അലൂമിനിയം ഷീറ്റുകൊണ്ടുള്ള റൂഫിംഗ് വർക്ക് അളവുപുസ്തകപ്രകാരം 47.12m2 അളവിൽ ചെയ്തതിന് ഒരു ചതുരശ്രമീറ്ററിന് 743.82/-രൂപ നിരക്കിൽ ആകെ 35,048/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ റൂഫിംഗിനുപയോഗിച്ചിരിക്കുന്നത് ജി.ഐ. ഷീറ്റാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ജി.ഐ ഷീറ്റിന് അർഹമായ ഒരു ചതുരശ്രമീറ്ററിന് 633.52 രൂപ എന്ന നിരക്കിൽ 47.12m2 ന് കരാറുകാരന് അനുവദിക്കാവുന്ന തുക 29,851.46 രൂപ മാത്രമാണ്. ആയതിനാൽ ഈയിനത്തിൽ 5,196.54 രൂപ(35048-29851.46) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

പ്രവൃത്തിക്ക് ജി.ഐ.ഷീറ്റ് സ്ഥാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അളവുപുസ്തകത്തിൽ അലൂമിനിയം ഷീറ്റെന്ന് രേഖപ്പെടുത്തി അധികനിരക്ക് നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/02.04.19) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 5,197 രൂപ കരാറുകാരനിൽനിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## 3-7 കരാർ തീയതിയ്ക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ല - ഫൈൻ കണക്കാക്കിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് | 238/18 സാംസ്കാരികനിലയം നിർമ്മാണം -വാർഡ് 14 |
| അടങ്കൽ | 2,97,148/-(തനതുഫണ്ട്) |
| ചെലവ് | 1,56,798 (വൗച്ചർ നം.21701074/18.12.2018) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

തനതുഫണ്ട് 5,00,000/- രൂപ വകയിരുത്തി 2014-15 വർഷം ആവിഷ്കരിച്ചതായിരുന്നു മേൽ പ്രോജക്ട്. ടെൻഡർ നടപടികളിലൂടെ 1.627 % കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ.സാബു പി.കര്യാക്കോസ് എന്നയാളുടെ ടെൻഡർ അംഗീകരിച്ച് 24.1.15-ൽ ടിയാനുമായി കരാർ വെയ്ക്കുകയും ചെയ്തു. 15-16 വർഷം ഒന്നാം പാർട്ട്ബിൽ പ്രകാരം 2,02,852/-രൂപ ചെലവഴിച്ചിരുന്നു.

കരാർപ്രകാരം 18 മാസമായിരുന്നു പൂർത്തീകരണകാലയളവ് അനുവദിച്ചിരുന്നത്. അതനുസരിച്ച് 19.7.16 -ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ 3/2018-ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. യഥാസമയം പ്രവൃത്തി പൂർത്തായാക്കാതിരുന്നതിന് പ്രത്യേക കാരണമൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പൂർത്തീകരണസമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുമില്ല. മാത്രമല്ല കെട്ടിടംപണി പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് 3.8.16-ലും 8.2.17-ലും കരാറുകാരന് അറിയിപ്പ് നൽകിയിട്ടുള്ളതായും കാണുന്നു പ്രവൃത്തി പൂർത്തീകരിക്കാൻ അകാരണമായി മൂന്നുവർഷത്തിലധികം സമയമെടുത്തതിന് കരാറുകാരനിൽനിന്ന് ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിലും നിയമാനുസരണം പിഎസി തുകയെ അടിസ്ഥാനമാക്കിയല്ല ഫൈൻ കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരങ്ങൾ | കണക്കാക്കിയ തുക | കണക്കാക്കേണ്ടത് |
|---|---|---|
| പി.എ.സി.തുക | 4,99,741 | 4,99,741 |
| പൂർത്തീകരണകാലയളവ് | 18 മാസം | 18 മാസം |
| കരാറനുസരിച്ച് പൂർത്തിയാക്കേണ്ട തീയതി | 19.7.16 | 19.7.16 |

| | | |
|---|---|---|
| പൂർത്തീകരിച്ച തീയതി | 3-18 | 3-18 |
| 20.7.16 മുതൽ 31.7.16 വരെ 1% | രണ്ടാം പാർട്ട്ബില്ലിന്റെ (1,56,798)<br>3% = 4,704 | 4,997+<br>9,995<br>14,992/- |
| 3.12.16 മുതൽ 15.4.18 വരെ 2% | | |
| കുറവ് | | 10,288/- |
| കരാറുകാരന് നൽകാവുന്നത് | 1,42,670/-(ചെക്ക് നമ്പർ 940387/21.3.18) | 1,32,382 |

അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 24) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഇളവാക്കിയതിൽ കുറവുവന്ന തുക 10,288 രൂപ ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കി പഞ്ചായത്തുഫണ്ടിലടവാക്കേണ്ടതാണ്.

## 3-8 സാന്ത്വന പരിചരണം -8,610 രൂപയുടെ സാധനങ്ങൾ ലഭിക്കാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | സാന്ത്വന പരിചരണം 57/18 |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ)-5,40,775 |
| ചെലവ് | വികസന ഫണ്ട് (ജനറൽ)-5,40,775 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മീനടം |

സാന്ത്വന പരിചരണം എന്ന പ്രോജക്ടിനായി വിവിധ സാധനങ്ങൾ വാങ്ങുന്നതിന് 2 പ്രാവശ്യമായി 69,449 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നല്കിയിട്ടുണ്ട്. ഇനിയും ലഭിക്കാനുള്ള സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. | ഇൻവോയ്സ് നം. | നല്കിയ തുക | ലഭിച്ച സാധനങ്ങൾക്കുള്ള വില | ലഭിക്കാനവശേഷിക്കുന്ന സാധനങ്ങൾ | സ്ഥാപനത്തിൽ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 8/5.3.18 | PRF 634/17.1.18 | 22937 | 17,215 | Wheel chair -1<br>Crape bandage -5<br>Walker -5<br>Lambar corsett 3<br>Hot water bag -5 | 5,722 |
| 5/8.11.17 | PRF 1221/9.10.17 | 46512 | 43,624 | Carbipin retad -2000 | 2,888 |
| | ആകെ | | **69,449** | | **8,610** |

ലഭിക്കാനവശേഷിക്കുന്ന സാധനങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 8,610 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ഭവനപദ്ധതിക്ക് സ്ഥലം വാങ്ങൽ - സ്ഥലം പോക്കുവരവുനടത്തി ലക്ഷ്യം കൈവരിച്ചില്ല

ഭൂരഹിത/ഭവനരഹിതരായവരെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഭവനസമുച്ചയം പണിയുന്നതിനായി പാമ്പാടി വില്ലേജിൽ ശ്രീ.എ.റ്റി.എബ്രഹാം, ഐക്കരമറ്റത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 285/1,285/7 സർവ്വേ നമ്പരുകളിൽപ്പെട്ട 40 സെന്റ് സ്ഥലം നിയമാനുസൃത നടപടിക്രമങ്ങളിലൂടെ വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. ആയതിന് സെക്രട്ടറി

നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തനതുഫണ്ടിൽനിന്നും 32,30,500/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ഫണ്ട് | ചെലവ് | ബിൽനമ്പർ |
|---|---|---|---|---|
| 35/18 | 20,00,000/- | തനതുഫണ്ട് | 20,00,000/- | 68/15-12-17 |
| 251/18 | 15,00,000/- | ,, | 12,30,500 | |
| ആകെ | 35,00,000 | | 32,30,500/- | |

വാങ്ങിയ സ്ഥലം നാളിതുവരെ പോക്കുവരവുനടത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയിട്ടില്ല. കൂടാതെ 17-18 വാർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ സ്ഥലപരിശോധനയിൽ സ്ഥലം അതിർത്തി നിർണ്ണയിച്ച് സംരക്ഷിച്ചിട്ടില്ലാത്തതായും കണ്ടു. അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/2.4.19)സ്ഥലത്തിന് സംരക്ഷണഭിത്തി നിർമ്മാണത്തിനായി 18-19ൽ പ്രോജക്റ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, പോക്കുവരവിനുള്ള അപേക്ഷ നൽകിയിരുന്നെങ്കിലും റവന്യൂ വകുപ്പിൽ നിന്നുള്ള കാലതാമസം മൂലം നടപടികൾ പൂർത്തീകരിക്കാനായിട്ടില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ആയതിനാൽ സ്ഥലം റവന്യൂരേഖകൾപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനും അതിർത്തി കെട്ടി സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥലത്ത് ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത്ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്റ്റിനായി ചെലവഴിച്ച 32,30,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 14- ാം വാർഡിൽ സാസ്കാരികനിലയത്തിനായി നിർമ്മിച്ച കെട്ടിടം - ഉപയോഗിക്കാത്ത നിലയിൽ

| | |
|---|---|
| പ്രോജക്ട് | 238/18, സാംസ്കാരികനിലയം നിർമ്മാണം |
| അടങ്കൽ | 5,00,000/- (തനതുഫണ്ട്) |
| ചെലവ് | 1,56,798/-(വൗച്ചർ-21701074/12-18) |
| കരാറുകാരൻ | സാബു പി.കുര്യാക്കോസ് |
| അളവുപുസ്തകം | 59/14-15 |

2014-15 വർഷം ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചിരുന്ന പ്രോജക്റ്റിന്റെ പണി ഭാഗികമായി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അളവുപുസ്തകപ്രകാരം 2,08,053/-രൂപ മൂല്യം നിർണ്ണയിക്കുകയും റിടെൻഷൻ ഉൾപ്പെടെയുള്ള നിയമാനുസൃത റിക്കവറികൾക്കുശേഷം 1,90,680 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു(ഡിഡി നം. 940387/2.4.16). പൂർത്തീകരണവേലകൾ നടപ്പാക്കാതിരുന്നതിനാൽ 16-17- ലും 17-18-ലും സ്പിൽ ഓവറായി തുടർന്ന പ്രോജക്ട് 17-18-ൽ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 1,56,798/-രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതീകരണത്തിനായി തൻവർഷം പ്രത്യേകം ആവിഷ്കരിച്ച പ്രോജക്ട്പ്രകാരം 30,565/-രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രാദേശികപരിശോധനയിൽ കെട്ടിടം ഉപയോഗിക്കാത്ത അവസ്ഥയിലാണെന്ന് വ്യക്തമായി. തുറക്കുന്നില്ലാത്തതിനാൽ കതകിന്റെ പൂട്ട് തുരുമ്പെടുത്തിരിക്കുന്നതായും കണ്ടു. ഒരു സെന്റ് മാത്രം വരുന്ന സ്ഥലത്ത് ഏകദേശം 170 ചതുരശ്ര അടി അളവിൽമാത്രം നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് താഴെയും മുകളിലും ഒരോ മുറി വീതം ആകെ രണ്ട് മുറികളും ടോയ് ലറ്റും മാത്രമാണുള്ളത്. ഇതിൽ 17-18 വർഷം നിർമ്മിച്ച മുകൾനിലയിലെ മുറി പൊടിയും മാറാലയും പിടിച്ച് വൃത്തിഹീനമായ നിലയിൽ തുറന്ന് കിടക്കുന്നു. നിലവിൽ ജലലഭ്യതയും ഇല്ല. സാസ്കാരികനിലയത്തിനായി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടം ഉപയോഗിക്കാതെ നിഷ്ക്രിയമായി നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ജലലഭ്യതയില്ലാത്തതിനാൽ ഉപയോഗിക്കാനാവുന്നില്ല എന്ന് പ്രസിഡന്റ് മറുപടി നൽകി.

ജലലഭ്യതയ്ക്കുള്ള സൗകര്യം ഒരുക്കാൻ സ്ഥലമില്ലാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈനിൽനിന്നും കണക്ഷൻ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും ജലലഭ്യത ഉറപ്പുവരുത്തി കെട്ടിടം നശിച്ചുപോകാതെ നിയമാനുസൃതം പ്രയോജനപ്പെടുത്തി ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 തെങ്ങ്കൃഷിക്ക് ജൈവവളം-രേഖകളുടെ അഭാവത്തിൽ 1,48,458 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ട് | 18/18, തെങ്ങ്കൃഷിക്ക് ജൈവവളം |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 3,53,707 |
| ചെലവ് | 2,55,467/- |

ബിൽ നം-1)7/17-18 തീയതി 11.01.18 - 1,48,458/-(വികസനഫണ്ട്)

2) 20/17-18 തീയതി 6.3.18 -56,172/-(വികസനഫണ്ട്)

3) 21/17-18 തീയതി 6.03.18 -50,837/-(വികസനഫണ്ട്)

മേൽസൂചിത പ്രോജക്ട് സംബന്ധിച്ച ഫയൽ പരിശോധനയിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

പാമ്പാടി സർവ്വീസ് സഹകരണബാങ്ക് എന്ന സ്ഥാപനത്തിൽ നിന്നും ജൈവവളം, കുമ്മായം, എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 135 ഗുണഭോക്താക്കൾക്ക് വളംവിതരണം നല്കിയതായി വിതരണരജിസ്റ്ററിൽ കാണുന്നു. 29 പേർക്ക് പെർമിറ്റ് നല്കിയതിന്റെ രേഖകൾ മാത്രമെ പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളൂ. മറ്റ് ഗുണഭോക്താക്കൾക്ക് ലഭിച്ച ജൈവവളം, കുമ്മായം എന്നിവയുടെ അളവ്, സബ്സിഡി തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. നിർവ്വഹണോദ്യോഗസ്ഥൻ സ്ഥാപനത്തിന് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. പാമ്പാടി സർവ്വീസ് സഹകരണബാങ്കിന്റെ സൗത്ത് പാമ്പാടി ബ്രാഞ്ച്, പാമ്പാടി ബ്രാഞ്ച്, ഓർവയൽ ബ്രാഞ്ച് എന്നിവിടങ്ങളിൽ നിന്നും ഗുണഭോക്താക്കൾ കൈപ്പറ്റിയ ആകെ വളത്തിനാണ് സബ്സിഡി നല്കിയിരിക്കുന്നത്. ബിൽ നം.7/17-18 തീയതി 11.01.18 പ്രകാരമുള്ള 1,48,458/-രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല. പതിമൂന്നാം പഞ്ചവൽസരപദ്ധതി മാർഗരേഖപ്രകാരം (ജി.ഒ(എം.എസ്.)നം.80/17ത.സ്വ.ഭ.വ തീയതി 3.4.17പ്രകാരം ആകെ ചെലവുതുകയുടെ 75% ആണ് സബ്സിഡിയായി നൽകേണ്ടത്. നൽകേണ്ട പരമാവധി തുക തദ്ദേശസ്ഥാപനം നിശ്ചയിക്കേണ്ടതുമാണ്. ടി വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. പൂർണമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.2/22.3.19 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ചെലവ് വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1,48,458 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 റോഡ് ടാറിംഗ് പ്രവൃത്തികൾ - ബാരൽവില നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്കടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം./07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിങ്ങനെ വിവിധ സർക്കാർഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ റോഡുടാറിംഗ് /റീടാറിംഗ് പ്രവൃത്തികളിൽ ടാർവീപ്പകളുടെ വിലയിനത്തിൽ കരാറുകാർ / കൺവീനർമാരിൽനിന്നും ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | ചെലവഴിച്ച ഫണ്ട് | ഉപയോഗിച്ച ബാരലുകൾ | ബിൽ നം. | ബാരൽ വിലയിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|---|
| 1 | 95/18, കമ്മ്യൂണിറ്റി ഹാൾ കാരക്കാക്കുഴി റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഫണ്ട്- റോഡ് | 19 | 32/27.2.17 | 4522+814 (GST) |
| 2 | 88/18, അറയ്ക്കൽപറമ്പിൽപ്പടി ഉരുത്തേൽപ്പടി റോഡ് ടാറിംഗ് | മെയിന്റനൻസ് ഫണ്ട്- റോഡ് | 7 | 37/31.1.18 | 1666+300 (GST) |
| 3 | 143/19, സി.എസ്.ഐ. പള്ളിക്കുന്ന് റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഫണ്ട്- റോഡ് | 19 | 63/28.2.17 | 5336+814 (GST) |

| | | | | | |
|---|---|---|---|---|---|
| 4 | 201/18, ചൂരക്കുറ്റി മലന്തട്ട് റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഫണ്ട്- റോഡ് | 7 | 89/21.3.18 | 1666+300(GST) |
| 4 | 65/18, പൊന്നപ്പൻ സിറ്റി പനമറ്റം റോഡ് റീടാറിംഗ് | മെയിന്റനൻസ് ഫണ്ട്- റോഡ് | 22 | 112/7.3.18 | 5236+942 (GST) |
| | ആകെ | | | | **18426+3170** |

കരാറുകാരിൽ നിന്നും ബാരൽ വിലയിനത്തിൽ ഈടാക്കി തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള ബാരൽവിലയും ജി.എസ്.റ്റിയും നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്കടവാക്കേണ്ടതാണ്.

## 3-13 <u>കരാർ പ്രവൃത്തികളുടെ പൂർത്തീകരണം -കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമം പാലിക്കുന്നില്ല</u>

ജി.ഒ.(എം.എസ്.) 74/2014 എൽ.എസ്.ജി.ഡി തീ.7.5.2014 ക്രമ നം.12 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ കേരള പൊതുമരാമത്ത് മാന്വൽ 2012 പാലിച്ചുകൊണ്ടായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാന്വലിന്റെ ഖ.2112-1 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാമെന്ന് വ്യവസ്ഥയുണ്ട്. ഇതിന് യഥാർത്ഥ പൂർത്തീകരണ കാലാവധിക്കു മുൻപ് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിക്കണം. ഇങ്ങനെ പരമാവധി ദീർഘിപ്പിച്ച് നല്കാവുന്ന സമയം യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ 50% മാത്രമാണ്. എന്നാൽ 2017-18 വർഷം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികളൊന്നും പാലിച്ചിട്ടില്ലെന്ന് കാണുന്നു. ഏതാനും പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ പ്രോജക്റ്റ് | 135/18, പുല്ലാഴം അങ്കണവാടി നിർമ്മാണം | 95/18, കമ്മ്യൂണിറ്റി ഹാൾ കാരക്കാക്കുഴി റോഡ് റീടാറിംഗ് | 88/18, അറയ്ക്കൽപറമ്പിൽപ്പടി തുരുത്തേൽപ്പടി റോഡ് ടാറിംഗ് | 143/18, സി.എസ്.ഐ. പള്ളിക്കുന്ന് റോഡ് മെയിന്റനൻസ് | 113/18, കാട്ടാംകുന്ന് അങ്കണവാടി നിർമ്മാണം |
|---|---|---|---|---|---|
| കരാറുകാരൻ | ഷാജി ജോസഫ് | സജികുമാർ | കെ.എൻ സജികുമാർ | രാജൻ വർഗ്ഗീസ് | കെ. കെ.സെബാസ്റ്റ്യൻ |
| അടങ്കൽ | വികസന ഫണ്ട് -5,00,000 തനത് ഫണ്ട് -1,39,950 | മെയിന്റനൻസ് ഫണ്ട് (റോഡ്) -3,14,000 | മെയിന്റനൻസ് ഫണ്ട് (റോഡ്) -1,42,000 | മെയിന്റനൻസ് ഫണ്ട് (റോഡ്) -3,50,000 | വികസന ഫണ്ട് -5,00,000 തനത് ഫണ്ട് -3,00,000 |
| പണി പൂർത്തീകരിക്കേണ്ട കാലയളവ് | 9 മാസം | 5 മാസം | 5 മാസം | 3മാസം | 9മാസം |
| എഗ്രിമെന്റ് നം./ തീയതി | 90/ AE/ LSGD/PDY/ 16-17/23.2.17 | 52/ AE/ LSGD/PDY/ 16-17/2.2.17 | 51/ AE/ LSGD/PDY/ 16-17/2.2.17 | 108/ AE/ LSGD/PDY/ 16-17/31.3.17 | 86/AE/ LSGD/PDY/ 16-17/18.2.17 |
| സൈറ്റ് കൈമാറിയ | 23.2.17 | 2.2.17 | 2.2.17 | 31.3.17 | 18.2.17 |

| | | | | | |
|---|---|---|---|---|---|
| തീയതി | | | | | |
| പണി തീരേണ്ട തീയതി | 22.11.17 | 1.7.17 | 1.7.17 | 30.6.17 | 17.11.17 |
| പണി പൂർത്തിയായ തീയതി | 21.2.18 | 22.11.17 | 24.1.18 | 29.1.18 | 5.2.18 |
| ഈടാക്കാമായിരുന്ന പിഴ | 23.11.17മുതൽ വരെ 30.1.18 1%-6399 31.1.18 മുതൽ 21.2.18 വരെ 2% (22 ദിവസം) -4202) 6399+4202-10601 | 2.7.17 മുതൽ 8.8.17വരെ 1%- 3140 9.8.17 മുതൽ 17.9.17 വരെ 2%- 6280) 3140+6280-9420 | 2.7.17 മുതൽ 8.7.17വരെ 1%- 1420 9.8.17 മുതൽ 17.9.17 വരെ 2%-2840) 1420+2840-4260 | 1.7.17 മുതൽ 23.7.17വരെ 1% - 3500 24.7.17 മുതൽ 15.8.17 വരെ 2% - 7000) 3500+7000-10500 | 18.11.17 മുതൽ 1%-8000 |
| കരാറുകാരന് തുക നല്കിയതിന്റെ വിവരം | 4,68,514/- 1,36,456 /- എസ്.ബി.ഐ. 135081000000317 | 3,00,180 /- എസ്.ബി.ഐ. 57014524993 | 1,35,204/- എസ്.ബി.ഐ. 57014524993 | 3,25,514/- എസ്.ബി.ഐ. 57043802093 | 5,00,000 1,50,791 എസ്.ബി.ഐ. 67089201800 |
| ബിൽ നം./ വൗച്ചർ നം. | 28/16.11.17 21701405 | 32/27.2.17 | 37/31.1.18 | 63/28.2.17 | 92/23.3.18 21701366 |

പ്രവൃത്തി സമയം നീട്ടിക്കിട്ടുന്നതിനുള്ള അപേക്ഷപോലും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തി അളവ് രേഖപ്പെടുത്തി പിഴ ഈടാക്കാതെ കരാറുകാരന് തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19) മറുപടി ലഭിച്ചില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 42,781 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 3-14 ഡെപ്പോസിറ്റ് പ്രവൃത്തികൾ – പ്രവൃത്തി പൂർത്തീകരിച്ചതിന്റേയും ചെലവുതുകയുടെ വിനിയോഗരേഖകളും ലഭ്യമായില്ല –52,70,418/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് | നിർവ്വഹണ ഏജൻസി/ സ്ഥാപനം | കൈമാറിയ തുക | അപാകതകൾ | ബിൽ നം./തീയതി |
|---|---|---|---|---|
| 271/18 അണ്ണായി കോളനി സ്ട്രീറ്റ്മെയിൻവലിക്കൽ | കെ.എസ്.ഇ.ബി | 100300/- | 1)തുക കൈമാറിയതിന്റേയും കെ.എസ്.ഇ.ബി തുക കൈപ്പറ്റിയതിന്റേയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2)പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതായും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങളും ലഭ്യമായിട്ടില്ല. | 34/17-18 /9.3.18 |
| 272/18 | ,, | 1990223/- | 1)തുക കൈമാറിയതിന്റേയും | 38/17-18 |

| | | | | |
|---|---|---|---|---|
| വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | | | കെ.എസ്.ഇ.ബി തുക കൈപ്പറ്റിയതിന്റേയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.<br>2)പ്രവൃത്തി നടപ്പായിട്ടുള്ളതിന്റേയും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങളും ലഭ്യമായിട്ടില്ല. | /15.3.18 |
| 225/18<br>അങ്കനവാടികൾക്ക് കുഴൽക്കിണർ | ഭൂജലവകുപ്പ് | 499895/- | 1)ട്രാൻസ്ഫർ ചെയ്ത തുകയുടെ കൈപ്പറ്റ് വിവരം ഇല്ല<br>2)പ്രവൃത്തി നടപ്പായിട്ടുള്ളതിന്റേയും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങളും ലഭ്യമായിട്ടില്ല. | 68/17-18<br>/12.10.17 |
| 230/18<br>വാർഡ് - നെന്മല ഭാഗത്ത് കുഴൽക്കിണർ | ,, | 90000/- | ,, | 69/17-18<br>/12.10.17 |
| 269/18<br>16-ാം വാർഡ് കുറിയന്നൂർകുന്ന് മൃഗാശുപത്രിക്ക് കുഴൽക്കിണർനിർമ്മാണവും 14-ാം വാർഡ് വരിക്കാനികുഴൽക്കിണർ മെയിന്റനൻസും | ,, | 100000/- | ,, | 252/17-18<br>/6.3.18 |
| 236/18<br>തുരുത്തേൽപാലം നിർമ്മാണം. | ബ്ലോക്ക്പഞ്ചായത്ത്, പാമ്പാടി | 1000000/- | 1) ട്രാൻസ്ഫർ ചെയ്ത തുകയുടെ കൈപ്പറ്റ് വിവരം ഇല്ല<br>2)പ്രവൃത്തി നടപ്പായിട്ടുള്ളതിന്റേയും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങളും ലഭ്യമായിട്ടില്ല. | |
| 260/18<br>കളപ്പുരയ്ക്കൽ മൈലാടി ചെക്ക് ഡാം നിർമ്മാണം | മൈനർ ഇറിഗേഷൻ വകുപ്പ് | 1490000 | | 92600/-<br>28/9.2.18<br>1397400/-<br>(37/12.3.18) |
| ആകെ | | 52,70,418/- | | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിവിധ കുഴൽകിണർ നിർമ്മാണ

പ്രവൃത്തികളുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. എക്സിറ്റ് മീറ്റിംഗിൽ വിഷയം അവതരിപ്പിതിനെതുടർന്ന് ഉരുത്തേൽ പാലം നിർമ്മാണത്തിനുള്ള പ്രോജക്ട് പൂർത്തീകരിച്ചിട്ടുള്ളതായി വാർഡ് മെമ്പർ അറിയിച്ചു. എന്നാൽ കൈമാറിയ തുകയുടെ വിനിയോഗവും പദ്ധതിക്കായി മൊത്തം ചെലവഴിക്കപ്പെട്ട തുക, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. മറ്റ് പ്രവൃത്തികൾ സംബന്ധിച്ച് പ്രളയം ഉണ്ടായതുകാരണമാണ് പ്രവൃത്തി നടപ്പായിട്ടില്ലാത്തതെന്ന് പ്രസിഡന്റ് അറിയിച്ചു. ഈ സാഹചര്യത്തിൽ മേൽപ്രോജക്ടുകൾക്കായുള്ള 52,70,418/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി/സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ ഡെപ്പോസിറ്റ് പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമാവശ്യമായ ഇടപെടലുകൾ പഞ്ചായത്തുതലത്തിൽ നടത്തേണ്ടതാണ്. പൂർത്തീകരിക്കുന്നമുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രവും തുകയുടെ വിനിയോഗവിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-15 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | ഭവന നിർമ്മാണം(ജനറൽ) 47 /18 |
| അടങ്കൽ | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ -18500000 |
| ചെലവ് | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ -18120000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

2016-17 വർഷം ആരംഭിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം 100 പേർ ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിരുന്നു. ഇതിൽ 95 പേർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നൽകിയ ധനസഹായം | നല്കാനവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | സി.കെ.രാജു ,ചീനികുട്ടപ്പിൽ | 140000 | 60000 |
| 2 | സുധീർ.കെ.വി.,കുറിയന്നൂർകുന്നേൽ | 180000 | 20000 |
| 3 | മാത്യു എ.ജെ ,ആനക്കല്ലുങ്കൽ | 180000 | 20000 |
| 4 | സി.ജെ.ജോയി ,ചേലാമ്പടം | 180000 | 20000 |
| 5 | മാത്യു എം.എം ,മാവേലിമറ്റം | 180000 | 20000 |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-16 പി.എം.എ.വൈ.വിഹിതം നല്കൽ( പട്ടികജാതിവിഭാഗം)-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 45/18<br>പി.എം.എ.വൈ.വിഹിതം നൽകൽ (എസ്.സി.വിഭാഗം) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 20000/- |
| ചെലവ് | 20000/- |
| ബിൽ നം. | 10/17-18 തീയതി 22-11-17<br>20000/-(scp) |

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ മേൽ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 4/25-3-19 ന് വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ടിനായുള്ള 20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തന്നു.

## 3-17 കാർഷികവിപണനകേന്ദ്രം കെട്ടിടം കൈമാറിക്കിട്ടിയെങ്കിലും പ്രവർത്തനക്ഷമമാക്കി പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല - 5,37,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 261/18

അടങ്കൽ 1319000/- (വികസനഫണ്ട്)+831000 (തനതുഫണ്ട്)

ചെലവ് 537500/- (വികസനഫണ്ട്) ബിൽ നം.266/12.3.18

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2014-15 വാർഷിക പദ്ധതിയിൽ ആരംഭിച്ച കാർഷികവിപണനകേന്ദ്രത്തിനുള്ള കെട്ടിടനിർമ്മാണം എന്ന പ്രോജക്ട് 2016-17 വർഷം പൂർത്തീകരിച്ചിരുന്നു. ജില്ലാപഞ്ചായത്ത് ഇതിനായി ആകെ 1,00,78,702/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി പഞ്ചായത്ത് ആവിഷ്ക്കരിച്ചിട്ടുള്ള പ്രോജക്ടുകൾ നടപ്പാക്കി കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് കെട്ടിടം ഗ്രാമപഞ്ചായത്തിന് വിട്ടുനൽകുന്നതിന് ജില്ലാപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും കെട്ടിടം വിട്ടുനല്കുന്നതായി ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും ചെയ്തു. എന്നാൽ വൈദ്യുതീകരണപ്രോജക്ട് നടപ്പാക്കാതെ ജില്ലാപഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ള കാർഷികവിപണനകേന്ദ്രത്തിന്റെ മുകൾനിലയിൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി പ്രോജക്ട് ആവിഷ്ക്കരിക്കുകയും നിർവ്വഹണ ഏജൻസിയായ നിർമ്മിതിയുമായി 7-3-18-ൽ കരാർ വച്ച് അഡ്വാൻസായി 5,37,500/-രൂപ അനുവദിച്ച് നല്കിയതായും കാണുന്നു.. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 261/18<br>കുടുംബശ്രീ ഉത്പ്പന്നവിപണനകേന്ദ്ര,റീഡിംഗ് റൂം,എം.സി.എഫ് നിർമ്മാണം |
| അടങ്കൽ | 13,19000/- (വികസനഫണ്ട്ജനറൽ)<br>831000/- (തനതുഫണ്ട്)<br>2150000/- |
| ചെലവ് | 537500/- |
| ബിൽനമ്പർ | 40/14-3-18 |
| നിർവ്വഹണ ഏജൻസി | ജില്ലാനിർമ്മിതി കേന്ദ്രം, കോട്ടയം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

നിർവ്വഹണ ഏജൻസിയുമായി 7-3-18-ൽ കരാർ വച്ചെങ്കിലും പ്രവൃത്തി നിർവ്വഹണത്തിനായി സ്ഥലം കൈമാറിയിരുന്നില്ല. സ്ഥലം കൈമാറി നൽകിയിട്ടില്ലാത്തതിനാൽ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ലെന്നും എത്രയും പെട്ടെന്ന് സ്ഥലം കൈമാറി നൽകണമെന്നും പ്രോജക്ട് എൻജിനീയർ 24-4-18-ൽ രേഖാമൂലം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. തുടർന്ന് ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് വീണ്ടും 17-5-18-ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്. മാത്രമല്ല ജില്ലാപഞ്ചായത്ത് പണികഴിപ്പിച്ച പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാംനിലയുടെ റൂഫിംഗ് നടത്തിയ കരാറുകാരന് നാളിതുവരെ പേയ്മെന്റ് അനുവദിച്ചിട്ടില്ലായെന്നും നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുമുൻപ് ഈവിഷയത്തിൽ പരിഹാരമുണ്ടാക്കണമെന്നും കരാറുകാരൻ രേഖാമൂലം ആവശ്യപ്പെട്ടതായി ഓർമ്മക്കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഫണ്ടിന്റെ അപര്യാപ്തതമൂലം റൂഫിംഗ് വർക്കിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തി പെയ്മെന്റ് നടത്തിയിട്ടില്ലായെന്ന് പാമ്പാടി ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ 24-5-17-ൽ സെക്രട്ടറിയെ രേഖാമൂലം അറിയിച്ച കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച തുടർനടപടികളുടെ വിവരങ്ങൾ വ്യക്തമല്ല .19-6-18-ൽ സ്ഥലം കൈമാറി നൽകുന്നതായി സെക്രട്ടറി കത്ത് മുഖേന നിർമ്മിതികേന്ദ്രത്തെ അറിയിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല. നിർമ്മാണപ്രവത്തനം തുടങ്ങുന്നതിന് പ്രത്യേക തടസമൊന്നുമില്ലായെന്ന് വീണ്ടും 21-7-18- ലും 16-11-18-ലും രേഖാമൂലം നിർമ്മിതി കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സ്ഥലം കൈമാറുന്നതായി രേഖാമൂലം നിർമ്മിതിക്ക് അറിയിപ്പ് നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല

കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം, അതിർത്തിതർക്കം പരിഹരിച്ചതിന്റെ വിവരം, പൂർത്തീകരണത്തിനായി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ട മറ്റ് പ്രോജക്ടുകൾ, പൂർത്തീകരണത്തിനു ശേഷമുള്ള ആവർത്തന ചെലവുകൾ, കെട്ടിടത്തിന്റെ പുനരുപയോഗം, ആസ്തിയിൽനിന്നുള്ള വരുമാനം എന്നിവ സംബന്ധിച്ച് ജില്ലാപഞ്ചായത്തുമായുണ്ടാക്കിയിട്ടുള്ള കരാർ വ്യവസ്ഥകളടങ്ങിയ ഫയൽ പരിശോധനയ്ക്ക് രേഖാമൂലം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. മേൽവിവരങ്ങൾക്ക് വിശദീകരണം നൽകേണ്ടതും പ്ലാബിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കുള്ള പ്രോജക്ടുകൾ നടപ്പാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽപ്രോജക്ടിനായുള്ള 5,37,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ആശ്രയ പദ്ധതി

അസിസ്റ്റന്റ് സെക്രട്ടറിക്ക് നിർവ്വഹണച്ചുമതലയുണ്ടായിരുന്ന ആശ്രയ പദ്ധതിയ്ക്കായി തൻവർഷം വികസനഫണ്ടിൽ നിന്നും 5,00,000/- രൂപയും (bill no.18/17-18/23-10-17) തനതുഫണ്ടിൽനിന്നും 5,50,000/- രൂപയും ഉൾപ്പെടെ ആകെ

10,50,000/-രൂപ സിഡിഎസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഈ തുക 2-ാം ഘട്ട ആശ്രയ പദ്ധതിയ്ക്കായുള്ള അക്കൗണ്ടിൽ 23-10-17 ൽ ക്രഡിറ്റ് ചെയ്തിട്ടുമുണ്ട്.

ആശ്രയ -ഒന്നാം ഘട്ടം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ ഒന്നാം ഘട്ട ആശ്രയപദ്ധതിയുടെ കാലയളവ് 2012 മാർച്ച് മുതൽ 2015 വരെയായിരുന്നു. ആകെ 51 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. ഒന്നാം ഘട്ടപദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭിയ്ക്കാതിരുന്ന സാഹചര്യത്തിൽ പദ്ധതിയുടെ റീവിസിറ്റ് നടത്തിക്കൊണ്ടിരിയ്ക്കുകയാണ്.

ധനകാര്യവിശകലനം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| പ്ലാൻഫണ്ട് | 17,00,000 | 1519500 | 180500 |
| ചലഞ്ച്ഫണ്ട് | 15,00,000 | 959425 | 540575 |
| പലിശ | | | 302157 |
| ആകെ | 32,00,000 | 2478925 | 1023232 |

ആശ്രയ രണ്ടാം ഘട്ടം

ആശ്രയ രണ്ടാം ഘട്ട പദ്ധതി 2015 ഡിസംബറിൽ ആരംഭിച്ചു. 79 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്.

ധനകാര്യവിശകലനം

| ഫണ്ട് സ്രോതസ്സ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട് | 37,00,000 | 3456799 | 243201 |
| ചലഞ്ച്ഫണ്ട് | 3,33,333 | 446849 | (-) 113516 |
| പലിശ | | | 56036 |
| ആകെ | 4033333 | 3903648 | 185721 |

ഓഡിറ്റ് വർഷം പ്ലാൻഫണ്ട് 5,00,000/- രൂപയും തനതുഫണ്ട് 7,98,000/- രൂപയും ഉൾപ്പെടെ ആകെ 12,98,000/- രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം ലഭിക്കുകയും പ്ലാൻഫണ്ട് തുക 5,00,000/-രൂപ 23-10-17-ൽ എസ്.ബി.റ്റി അക്കൗണ്ടിലേക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട് (ബിൽ നമ്പർ- 18/17-18/23-10-17). തനതുഫണ്ട് വിഹിതമായ 5.5 ലക്ഷം രൂപ ചെക്ക്നമ്പർ 7869639/31-3-18 പ്രകാരം പിൻവലിച്ചെങ്കിലും 5/18-ൽ മാത്രമാണ് അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടുള്ളത്. സേവനപ്രവർത്തനങ്ങളുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട തുക അതാതുവാർഡുകളിലെ എഡിഎസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന്റെ വിവരങ്ങൾ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. എഡിഎസ് അക്കൗണ്ടിൽനിന്നുള്ള വരവുചെലവുകണക്കുകളുടെയും ഗുണഭോക്താക്കൾ തുക കൈപ്പറ്റുന്നതിന്റെയും രേഖകൾ ഉൾപ്പെടെ ആശ്രയ പ്രോജക്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്.

ജി ഒ ( എംഎസ്) 252/2017/തസ്വഭവ/12-12-17 പ്രകാരം മൂന്നാം ഘട്ട അഗതിരഹിത കേരളം പദ്ധതിയ്ക്കായി സർവ്വേ നടത്തി 99 കുടുംബങ്ങളെ തെരഞ്ഞെടുത്ത് പ്രോജക്ട് റിപ്പോർട്ട് സംസ്ഥാനമിഷനിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.03.19ലെ KS/L/423/19 നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകി 40,00,000/- രൂപ ചലഞ്ച്ഫണ്ട് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## 3-19 അങ്കണവാടികളിൽ കുഴൽകിണറുകൾ സ്ഥാപിക്കൽ - തുടർപ്രവർത്തനങ്ങൾ നടത്തുന്നില്ല

| | |
|---|---|
| പ്രോജക്ട് | 225/18 |
| അടങ്കൽ | 5,00,000/- |
| ചെലവ് | 4,99,895/- |
| ബിൽ നം. | 68/17-18 തീയതി 12.10.17 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

അങ്കണവാടികൾക്ക് കുഴൽക്കിണർ നിർമ്മാണത്തിനായി ബിൽ നമ്പർ പ്രകാരം 4,99,895/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ടീം പ്രാദേശികമായി പരിശോധന നടത്തിയ ചില അങ്കണവാടികളിൽ കിണർ കുഴിച്ചിട്ടുള്ളതല്ലാതെ മോട്ടോറും പമ്പും സ്ഥാപിച്ച് വെള്ളം ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. അങ്കണവാടി നമ്പർ 109, 111, 115, 126, 144, 143 എന്നിവ ഉദാഹരണങ്ങളാണ്. ഇക്കാരണത്താൽ കിണർ ഉണ്ടെങ്കിലും കുടിവെള്ളത്തിനായി സ്വകാര്യവ്യക്തികളുടെ കിണറുകളും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകളും ആശ്രയിയിക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത്. പല ഡെപ്പോസിറ്റ് പ്രവൃത്തികളുടെ കാര്യത്തിലും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ പബ്ലിക് അക്കൗണ്ടിലേക്കുള്ള ഫണ്ട് ട്രാൻസ്ഫർ പ്രക്രിയ മാത്രമായി പ്രോജക്ട് നിർവ്വഹണം മാറുന്നതായാണ് കാണുന്നത്. പ്രോജക്ട് പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തുകഴിഞ്ഞാൽ തുടർപ്രവർത്തനങ്ങൾ നിരീക്ഷിക്കാത്തതിനാൽ പല പ്രോജക്ടുകളും ലക്ഷ്യം കൈവരിക്കുന്നില്ലായെന്ന് സ്ഥലപരിശോധനയിൽ വ്യക്തമാകുന്നു.

അങ്കണവാടികൾക്ക് കുടിവെള്ളം, വൈദ്യുതി, കെട്ടിടം മുതലായ അടിസ്ഥാനാവശ്യങ്ങൾക്കായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നുണ്ടെന്നും ചെലവഴിക്കപ്പെടുന്ന തുക പാഴ്ചെലവാകാതെ പ്രയോജനപ്രദമാകുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ നിയമാനുസൃത ചുമതല നിറവേറ്റേണ്ടതാണ്.

## 3-20 കന്നുകുട്ടി പരിപാലനം- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി (പ്രോ.നം.10/18) ഒരു ഗുണഭോക്താവിന് 12,500/- നിരക്കിൽ 43 ഗുണഭോക്താക്കൾക്കുള്ള 5,37,500/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി കഴിയുമ്പോൾ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| പാമ്പാടിബ്ലോക്ക് പഞ്ചായത്ത്, | 28.3.18 | 479187 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ രണ്ടാം ഘട്ടം | 0 | 479187 |
| പാമ്പാടിബ്ലോക്ക് പഞ്ചായത്ത് | 25.3.18 | 578000 | ലൈഫ് മിഷൻ | 418000 | 160000 |
| പാമ്പാടിബ്ലോക്ക് പഞ്ചായത്ത് | 23.11.17 | 100000 | ഡയറി ഫാർമേഴ്സിന് ഇൻസെന്റീവ് | 100000 | 0 |
| പാമ്പാടിബ്ലോക്ക് പഞ്ചായത്ത് | 18.1.18 | 262500 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 262500 | 0 |
| പാമ്പാടിബ്ലോക്ക് പഞ്ചായത്ത് | 12.2.18 | 250000 | പറക്കാവ് കുടിവെള്ള പദ്ധതി | 0 | 250000 |
| ജില്ലാ പഞ്ചായത്ത് ,കോട്ടയം | 27.1.18 | 231156 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 231156 | 0 |
| ആകെ | | 1900843 | | 1011656 | 889187 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 271/18-വാർഡ് 5 ലെ | 100300 | 0 | 100300 |

| | | | | |
|---|---|---|---|---|
| | അണ്ണായി കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | | | |
| | 275/18 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 991217 | 0 | 991217 |
| | 272/18 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 1990223 | 0 | 1990223 |
| | 225/18 അങ്കണവാടികൾക്ക് കുഴൽക്കിണർ | 499895 | 0 | 499895 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 269/18 കുറിയന്നൂർക്കുന്ന് വെറ്റിനറി ആശുപത്രി കുഴൽക്കിണർ | 100000 | 0 | 100000 |
| | 270/18 ഗവ.എൽ.പി.എസ്.,വെള്ളൂർ, കുഴൽക്കിണർ | 41200 | 0 | 41200 |
| | 230/18 നെൻമലഭാഗത്ത്കുഴൽക്കിണർ | 90000 | 0 | 90000 |
| കേരള വാട്ടർ അതോറിറ്റി | 224/14പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ടാപ്പുഴ) | 500000 | 0 | 500000 |
| പി.ഡബ്ല്യു.ഡി.ഇറിഗേഷൻ | 260/18 കളപ്പുരയ്ക്കൽ മൈലാടി ചെക്ക് ഡാം നിർമ്മാണം | 1490000 | 0 | 1490000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,81,20,000/- രൂപ വരവുണ്ട് .

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭവന നിർമ്മാണം (ജനറൽ) | | 19620000 | 1500000 | 18120000 | 4000000 | 15620000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക് | വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് | ആകെ |
|---|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1559767 | 1622531 | 3182298 |
| തൻവർഷം നിക്ഷേപിച്ച തുക | 132580 | 146028 | 278608 |
| ആകെ | 1692347 | 1768559 | 3460906 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | - | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1692347 | 1768559 | 3460906 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം.തീയതി |
|---|---|---|---|---|
| 2015-16 | 3-6 | 4869 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. പാമ്പാടി | 117020105757/ 15.2.18 |
| 2001-02 | 2-5(3) | 1) 120 | കുഞ്ഞുമോൻ, വി.ഇ.ഒ | 117020104936/9.1.18 |
| | | 2) 120 | സി.കെ.നാരായണൻ നമ്പൂതിരി, ബ്ലോക്ക് ഓഫീസ് | 117020104937/9.1.18 |
| | | 3) 120 | പി.എസ്.ഗീത സബ്ട്രഷറി | 117020104938/9.1.18 |
| | | 4) 120 | സൂസൻ ജോസഫ് എച്ച്.എസ്.എസ്.ടി., ജിഎച്ച്എസ് പാമ്പാടി | 117020104939/9.1.18 |
| | | 5) 150 | ആലീസ് ജോൺ, ജിഎച്ച്എസ് പാമ്പാടി | 117020104940/9.1.18 |
| | | 6) 150 | ചിന്നു വിജയൻ, ജിഎച്ച്എസ് പാമ്പാടി | 117020104941/9.1.18 |
| | | 7) 150 | ഏലിയാമ്മ സെബാസ്റ്റ്യൻ, ജിഎച്ച് എസ് പാമ്പാടി | 117020104942/9.1.18 |
| ആകെ | | 5799 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരംസമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2011-12 | 2-6 | കെഎസ്ഇബി – നിക്ഷേപ പ്രവൃത്തി – 5,65,742/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2009-10 | 3-2 | 2011-12 | 2-6 | കേരള വാട്ടർ അതോറിറ്റി – 3,79,000/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1999-02 ജനകീയാസൂത്രണ പദ്ധതി | ഖണ്ഡിക 10 | 2003-04 | ഖണ്ഡിക 35-3 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ തുക ദുർവിനിയോഗം ചെയ്തു (25,000/- രൂപ) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 14,15,71,786 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,08,74,474 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15,623 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,16,83,673 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 6,846 | ശ്രീ.പ്രമോദ് ഗോപൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 3,580 | ശ്രീ.പ്രമോദ് ഗോപൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 5,197 | ശ്രീ.പ്രമോദ് ഗോപൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 15,623 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 23,90,000 | ശ്രീ.കെ.ബാബുരാജ്, സെക്രട്ടറി |
| 3-3 | 36,987 | ശ്രീ.പ്രമോദ് ഗോപൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 41,200 | ശ്രീ.കെ.ബാബുരാജ്, സെക്രട്ടറി |
| 3-8 | 8,610 | ഡോ.സ്വപ്നമഞ്ജരി, മെഡിക്കൽ ഓഫീസർ |
| 3-9 | 32,30,500 | ശ്രീ.കെ.ബാബുരാജ്, സെക്രട്ടറി |
| 3-11 | 1,48,458 | നുബിയ ബഷീർ, കൃഷി ഓഫീസർ |
| 3-14 | 52,70,418 | ശ്രീ.കെ.ബാബുരാജ്, സെക്രട്ടറി |
| 3-16 | 20,000 | ശ്രീ.നോബി എം.ഐസക്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-20 | 5,37,500 | ഡോ.എം.ജി.രാജീവ്, വെറ്ററിനറി സർജൻ |
| ആകെ | 1,16,83,673 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രമോദ് ഗോപൻ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മീനടം ഗ്രാമപഞ്ചായത്ത് | നിർമ്മാല്യം മീനടം പി.ഒ. കോട്ടയം |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.പി.4/178/08 /5.12.08 | -- |
| 1998-99 (DCB) | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(2)/1.2.18 | 2 |
| 1998-99 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(3)/1.2.18 | 4 |
| 1999-2000, 2000-01, 01-02 PLAN | എൽ.എഫ്.കെ.പി.6/164/03 /07.08.08 | -- |
| 2002-03 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(4)/1.2.18 | 4 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(5)/1.2.18 | 2 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(6)/1.2.18 | 6 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(7)/1.2.18 | 3 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(8)/1.2.18 | 1 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(9)/1.2.18 | 5 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(10)/1.2.18 | 2 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(11)/1.2.18 | 7 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(12)/1.2.18 | 10 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(13)/1.2.18 | 16 |
| 2012-13 | എൽ.എഫ്.കെ.പി.12/22/15/6.10.15/13.11.15 | 14 |
| 2013-14,14-15 | എൽ.എഫ്.കെ.പി.12/910/16/8.8.16/23.8.1616 | 15 |
| 2015-16 | കെ.എസ്എ.കെടിഎം.പി13/672/17/19.1.18 | 16 |
| 2016-17 | കെ.എസ്എ.കെടിഎം.പി13/1495/17/22.1.18 | 17 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.13/437/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോട്ടയം, പിൻ 686002

doktm.ksad@kerala.gov.in

ഫോൺ : 04812564886
തീയതി 27.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12ൽ വിവരിക്കുന്ന അപാകതകൾ ഒഴികെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം